I ഇ.ബി. XII-കേരള നിയമസഭ /IV-5

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 8, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിക്കാത്തതിൽ പ്രതിഷേധിച്ച് ഉണ്ടായ ബഹളത്തെത്തുടർന്ന് നിറുത്തിവച്ച സഭ രാവിലെ 9.47–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു)

മി. സ്പീക്കർ: ചോദ്യാത്തരസമയത്ത് സഭ നിറുത്തിവയ്ക്കേണ്ടി വന്നത് നിർഭാഗ്യകരമായ സംഭവമാണ്. വെല്ലിലിറങ്ങുന്ന സംഭവം സഭാ നടപടികളുടെ നടത്തിപ്പുമായി മുന്നോട്ടുപോകുന്നതിന് പ്രയാസമുണ്ടാകുമെന്നതുകൊണ്ട് അത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സഭാനടപടികൾ തടസ്സപ്പെടുത്തുന്നതും വെല്ലിലേയ്ക്കിറങ്ങുന്നതും ഒഴിവാക്കണമെന്നു തന്നെയാണ് ഞങ്ങളുടേയും അഭിപ്രായം. പ്രതിപക്ഷാംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട ചെയർ

ഏറ്റെടുക്കണം. നേരത്തെ നോട്ടീസ് കൊടുത്ത് ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ദൗർഭാഗ്യകരമായ ചില സംഭവങ്ങളാണ് ഇവിടെയുണ്ടായത്. രണ്ട് വർഷങ്ങൾക്കുമുമ്പുവരെ ഉണ്ടായിരുന്ന വെല്ലിലിറങ്ങുന്ന സംഭവം വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. അത് പരമാവധി ഒഴിവാക്കേണ്ടതാണ്. ഭരണകക്ഷി അംഗങ്ങളുടെ അവകാശവും സംരക്ഷിക്കേണ്ട ചുമതല ചെയറിനുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി: കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായ എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയുടെ ചോദ്യപ്പേപ്പർ ചോർന്നു എന്നത് ഗവണ്മെന്റ് സമ്മതിച്ചു. പ്രസ്തുത പ്രശ്നം സംബന്ധിച്ചുള്ള അന്വേഷണം അവസാനഘട്ടത്തിലെത്തിയപ്പോൾ അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ കേസ് അന്വേഷിച്ച് റിപ്പോർട്ട് നൽകിയശേഷമാണ് സ്ഥലം മാറ്റിയത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപ്പേപ്പർ ചോർന്ന കേസിന്റെ പുരോഗതി എന്താണ് എന്ന ചോദ്യത്തിന് മറുപടി കിട്ടിയിട്ടില്ല.

ശ്രീ. കെ. എം. മാണി: മെമ്പർമാർക്ക് ചോദ്യവും ഉപചോദ്യവും ചോദിക്കാം. പക്ഷെ, ചോദ്യം പ്രസംഗമായി മാറുമ്പോഴാണ് ബുദ്ധിമുട്ട്. അതുസംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ സമീപനമാണ് ഞങ്ങൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ചോദ്യപ്പേപ്പർ ചോർന്നപ്പോൾ സി.ബി.ഐ.യെ കൊണ്ട് അന്വേഷിപ്പിച്ച്

പ്രതികളെ അറസ്റ്റ് ചെയ്തതുപോലെ ഈ കേസ്സിലും ചെയ്യണം. ക്രൈം ബ്രാഞ്ച് ഇതിന്റെ ഉറവിടം കണ്ടുപിടിക്കാൻ സാധിക്കുകയില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രതികളെ അറസ്റ്റ് ചെയ്യാൻ സ്റ്റേറ്റ് പോലീസിന് കഴിയുകയില്ലെങ്കിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എസ്.എസ്.എൽ.സി. പരീക്ഷയുടെ മോഡൽ ചോദ്യപ്പേപ്പർ ചോർച്ച പുറത്തുകൊണ്ടുവന്നത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ഇത്തവണ നടക്കാൻ പോകുന്ന എസ്.എസ്.എൽ.സി. പരീക്ഷ സുതാര്യമായി നടത്താനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പ് ചെയ്തിട്ടുണ്ട്.

## അടിയന്തിരപ്രമേയം

വളയം സ്കൂളിലെ അധ്യാപകൻ പിഞ്ചു കുട്ടികളെ പീഡിപ്പിച്ച സംഭവം

മി. സ്പീക്കർ: കെ.എസ്.ടി.എ.യുടെ ഭാരവാഹിയും സി.പി.എം. സാംസ്ക്കാരിക പ്രവർത്തകരുടെ നേതാവും വളയം സ്കൂളിലെ അധ്യാപകനുമായ ഹരിദാസ് തികച്ചും മനുഷ്യത്വരഹിതമായ രീതിയിൽ പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥിനികളെ ലൈംഗികമായി പീഡിപ്പിച്ച ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വളയം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചെക്കിയാട്

പഞ്ചായത്തിലെ പുളിയാവ് ഗവണ്മെന്റ് എൽ.പി.സ്കൂളിൽ നാലാം ക്ളാസിൽ പഠിക്കുന്ന പന്ത്രണ്ടോളം കുട്ടികൾക്ക് അധ്യാപകൻ ശ്രീ. എ.കെ. ഹരിദാസിൽ നിന്നും അരുതാത്ത പ്രവൃത്തിയുണ്ടായതായി മാതാപിതാക്കൾ പി.ടി.എ ജനറൽ ബോഡിയിൽ പരാതിപ്പെട്ടു. കുട്ടികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അധ്യാപകനെതിരെ ഹെഡ്മാസ്റ്റർ പോലീസിൽ പരാതി നൽകി. പോലീസ് അന്വേഷണമാരംഭിച്ച് ഒരു കുട്ടിയിൽ നിന്നും മാതാപിതാക്കളിൽ നിന്നും കിട്ടിയ മൊഴികളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഹരിദാസനെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയും ചെയ്തു. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

<u>ശ്രീ. കെ. ബാബു:</u> ഗവണ്മെന്റ് യഥാർത്ഥ വസ്തുത മറച്ചുപിടിക്കാൻ ശ്രമിക്കുകയാണ്. കുട്ടികളുടേയും മാതാപിതാക്കളുടേയും സ്റ്റേറ്റ്മെന്റും പോലീസ് എഫ്.ഐ.ആറും വായിച്ചാൽ ഹീനവും മനുഷ്യത്വരഹിതവുമായ നടപടിയാണ് അവിടെയുണ്ടായിരിക്കുന്നതെന്ന് മനസ്സിലാകും. സത്യവിരുദ്ധമായ മറുപടിയാണ് പോലീസ് നൽകിയത്. ആദ്യം പി.ടി.എ പ്രസിഡന്റും ഹെഡ് മാസ്റ്ററും പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ ഇത്തരം പരാതികൾ സ്വീകരിക്കാൻ പറ്റുകയില്ലെന്നു പറഞ്ഞ് തിരിച്ചയയ്ക്കുകയാണ് ചെയ്തത്. വളരെ വൈകിയാണ് കേസ്സെടുത്തതെന്നതുകൊണ്ട് പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടോയെന്ന് അന്വേഷിക്കണം. അധ്യാപകന്റെ പേരിൽ പോലീസ് കേസ്സെടുത്ത് റിമാന്റ് ചെയ്തിരിക്കുന്നുവെന്നാണ് പറയുന്നത്, പക്ഷേ അദ്ദേഹം ഇപ്പോഴും സർവ്വീസിൽ തുടരുകയാണ്. അത്യന്തം ഗൗരവമുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പോലീസ് ഗൗരവമായാണ് കാണുന്നത്. ഇതുസംബന്ധിച്ചുള്ള ഇന്റലിജൻസ്

റിപ്പോർട്ട് കിട്ടിയപ്പോൾത്തന്നെ ഞാനതിൽ ഇടപെട്ടു. പോലീസ് അങ്ങോട്ടുപോയാണ് ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയത്. പലരും മൊഴി നൽകാൻ മടിച്ചിട്ടും ഒരു കുട്ടിയുടേയും മാതാവിന്റേയും മൊഴിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ഇങ്ങനെയുള്ള അധ്യാപകർ അധ്യാപകസമൂഹത്തിന് അപമാനമാണ് എന്നതുകൊണ്ട് ശക്തമായ നടപടികളെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അധ്യാപകനെ ഇന്നലെത്തന്നെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഇന്നുതന്നെ അദ്ദേഹത്തെ സസ്പെന്റ് ചെയ്യുന്നതിന് ഉത്തരവ് കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഗവണ്മെന്റ് പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടതിനോട് യോജിക്കുന്നു. ഇന്നുതന്നെ അധ്യാപകനെ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. അങ്ങ് പറഞ്ഞ കാര്യങ്ങളോട് യോജിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

1. പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ഡിവിഷൻ രൂപീകരിക്കുന്നതുമൂലം കേരളത്തിനുണ്ടാകാവുന്ന നഷ്ടം

ശ്രീ. കെ.എം. മാണി: പാലക്കാട് റെയിൽവേ ഡിവിഷന്റെ മൂന്നിൽ രണ്ട് ഭാഗം മാറ്റി സേലം ഡിവിഷൻ രൂപീകരണത്തിനായി കേന്ദ്ര റെയിൽവേ മന്ത്രാലയം എടുത്ത തീരുമാനം പ്രതിഷേധാർഹമാണ്. ഇതുമൂലം സംസ്ഥാനത്തെ മന്ത്രിമാർക്കും എം.പി.മാർക്കും കേന്ദ്ര റെയിൽവേ മന്ത്രി നൽകിയ ഉറപ്പ് ലംഘിക്കപ്പെടുകയാണ്. റെയിൽവേ ബഡ്ജറ്റിൽ സേലം ഡിവിഷൻ രൂപീകരണത്തിനായി 3 കോടി രൂപ വകയിരുത്തുകയും സേലത്ത്

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഈ വിഷയം വളരെ ഗൗരവമായി സംസ്ഥാന ഗവൺമെന്റ് കാണണം. റെയിൽവേ ഡിവിഷൻ രൂപീകരണത്തിലെ നോംസ് മറികടന്നുകൊണ്ട് ലിങ്ക്വിസ്റ്റിക് അടിസ്ഥാനത്തിലാണ് സേലം ഡിവിഷൻ രൂപീകരിച്ചിരിക്കുന്നത്. കേരളത്തിന്റെ ന്യായമായ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് എടുത്തിട്ടുള്ള ഈ ഡിവിഷൻ രൂപീകരണത്തെ എതിർക്കണം. കേരളത്തിന് ഒരു പ്രത്യേക സോൺ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇപ്രകാരം ഒരു തീരുമാനമുണ്ടായത്. ഇൻഡ്യയിൽ ആകെ 16 സോണുകളാണുള്ളത്. തിരുവനന്തപുരം, പാലക്കാട്, മംഗലാപുരം മുതൽ ഗോവ വരെയുള്ള ഏരിയകൂടി കൂട്ടിച്ചേർത്ത് കേരളത്തിന് ഒരു പ്രത്യേക സോൺ ഉണ്ടാകേണ്ടതാവശ്യമാണ്. സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയുമായി ചർച്ച ചെയ്ത് അർഹതപ്പെട്ട സോൺ നേടിയെടുക്കണം.. കേന്ദ്ര ഗവൺമെന്റിന്റെ ഈ അനീതിക്കും അന്യായത്തി നുമെതിരെ ഭരണ പ്രതിപക്ഷം യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. കേരള മന്ത്രിസഭ പ്രമേയം പാസ്സാക്കി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉടൻതന്നെ ശ്രമം ആരംഭിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിലെ റെയിൽവേ വികസനത്തെ തികച്ചും പ്രതികൂലമായി ബാധിക്കുന്ന കാര്യമാണിത്. ദക്ഷിണ റെയിൽവേയിൽ ഏറ്റവും പഴക്കം ചെന്ന പാലക്കാട് ഡിവിഷനാണ് കേരളത്തിലെ ആദ്യ റെയിൽവേ ഡിവിഷൻ. ആ ഡിവിഷൻ

ബൈഫർക്കേറ്റ് ചെയ്തുകൊണ്ടാണ് സേലം ഡിവിഷൻ വരേണ്ടതെന്നിരിക്കെ ഫോർമേഷനാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പാലക്കാടുള്ള 1132 കിലോമീറ്ററിൽ 623 കിലോമീറ്റർ വെട്ടിമാറ്റാനുള്ള തീരുമാനമാണുള്ളത്. ഈ രീതിയിൽ സേലം ഡിവിഷൻ രൂപീകരിച്ചാൽ പാലക്കാട് ഡിവിഷൻ ഭാവിയിൽ ഇല്ലാതാകും. മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരം മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് എഴുതിയതിന്റെ അടിസ്ഥാനത്തിലും വകുപ്പു മന്ത്രിയും പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയേയും പ്രധാനമന്ത്രിയേയും നേരിൽകണ്ട് കാര്യങ്ങൾ അവതരിപ്പിച്ചതിനെത്തുടർന്നും ഇക്കാര്യം പുന:പരിശോധിക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഒരു പെനിൻസുലാർ സോൺ ആരംഭിക്കണമെന്ന് ശക്തമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിമാരുമായി ഇക്കാര്യം ചർച്ച ചെയ്ത് പരിഹരിക്കാമെന്നാണ് പറഞ്ഞത്. ഇന്ന് മുഖ്യമന്ത്രിമാർക്ക് കത്തയച്ചിട്ടുണ്ടെന്നാണ് കേന്ദ്രത്തിൽനിന്നും അറിയാൻ സാധിച്ചത്. അതുകൂടി പരിഗണിച്ചശേഷം ഒറ്റക്കെട്ടായി നീങ്ങാം.

## 2. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് പുതിയ മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം.

ശ്രീ. വി. ശിവൻകുട്ടി: കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടുപിടിച്ച് പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടക്കുകയാണ്. 2002-ലെ കണക്ക് പ്രകാരം 38 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 4 ലക്ഷം പേർ നഗരങ്ങളിലുള്ളവരാണ്. അശാസ്ത്രീയവും അപ്രായോഗികവുമായ മാനദണ്ഡമാണ്

ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. അർഹതയുള്ള ലക്ഷക്കണക്കിനാളുകൾ ലിസ്റ്റിൽപ്പെടാതെ പോകുന്നു. 2002-ലെ സർവ്വേയ്ക്ക് എതിരെ സുപ്രീംകോടതിയിൽ ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നിർത്തിവച്ചു. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള 13 ക്ളേശ ഘടകങ്ങൾ പരിശോധിച്ചാണ് പോയിന്റ് നിശ്ചയിച്ച് മാർക്ക് ഇടുന്നത്. 30 പോയിന്റിന് മുകളിൽ വരുന്നവരെ ഇതിൽനിന്ന് ഒഴിവാക്കുകയാണ് ഇൻഡ്യാ ഗവൺമെന്റിന്റെ ഉദ്ദേശം. നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം 9.36 ലക്ഷമായി ചുരുക്കേണ്ടതാണ്. 38 ലക്ഷം കുടുംബങ്ങൾക്കും ബി.പി.എൽ. ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേന്ദ്രഗവണ്മെന്റിന്റെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തെ വലിയൊരു ഭാഗം ദരിദ്രവിഭാഗത്തിന് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും നിഷേധാത്മകമായ നിലപാടാണ് കേന്ദ്രഗവണ്മെന്റിന്റെ ഭാഗത്തുനിന്നു മുണ്ടായത്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഓരോ 5 വർഷം കൂടുമ്പോഴും അഖിലേന്ത്യാതലത്തിൽ വരുമാനം അടിസ്ഥാനപ്പെടുത്തി ദാരിദ്ര്യരേഖാ സെൻസസ്സ് നടത്താറുണ്ട്. 13 ക്ളേശ സൂചികയുടെ അടിസ്ഥാനത്തിൽ സർവ്വേ നടത്തണമെന്നാണ് കേന്ദ്ര

ഗവണ്മെന്റ് 2002–ൽ നിർദ്ദേശിച്ചിരുന്നത്. 1999-2000–ത്തിൽ കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ കേരളത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണം 4.19 ലക്ഷമായി നിജപ്പെടുത്തിയതിനാൽ നിലവിലുള്ള ലിസ്റ്റിലെ ഗണ്യമായ ഒരു വിഭാഗം ദാരിദ്ര്യരേഖയ്ക്ക് പുറത്താകാൻ സാധ്യതയുള്ളതുകൊണ്ട് പ്രസ്തുത ലിസ്റ്റ് പുന:പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ അത് 10.26 ലക്ഷമായി പരിമിതപ്പെടുത്തി. ഈ തീരുമാനം മാറ്റുന്നതിന് സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായില്ല. കേന്ദ്ര നിർദ്ദേശപ്രകാരം തയ്യാറാക്കുന്ന പുതുക്കിയ ലിസ്റ്റിൽ അർഹരായ കുടുംബങ്ങൾ ഒഴിവാകാനും അനർഹരായവർ കടന്നുകൂടാനും സാധ്യതയുണ്ടെന്നുള്ള പരാതിയുള്ളതിനാൽ ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പ് സർവ്വേ പ്രകാരം ലഭിച്ച വിവരം ശരിയാണോ എന്ന് പരിശോധിക്കാനായി സർവ്വേയ്ക്ക് അടിസ്ഥാനമായ ഘടകങ്ങൾക്ക് കിട്ടിയ സ്ക്കോറുകൾ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 30 സ്ക്കോർ വരെയുള്ള 35.4 ലക്ഷം കുടുംബങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ പഞ്ചായത്തിലേയും ഗ്രാമവികസന വകുപ്പിലേയും ഉദ്യോഗസ്ഥരുടെ ചുമതലയിൽ നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ നേതൃത്വം നൽകുന്നതാണ്. അയൽക്കൂട്ടത്തിലുള്ളവർ, പട്ടികജാതി–പട്ടികവർഗ്ഗക്കാർ, മൽസ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ

കുടുംബങ്ങൾ സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് വിധേയമാക്കും ഇപ്രകാരം തയ്യാറാക്കുന്ന കരട് ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചുകഴിഞ്ഞാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അന്തിമ ലിസ്റ്റായി എടുക്കും. ഈ ലിസ്റ്റിൽ നിന്നും സർക്കാർ തീരുമാനിക്കുന്ന മാനദണ്ഡമനുസരിച്ച് ബി.പി.എൽ. ലിസ്റ്റിന് അന്തിമരൂപം നൽകുന്നതാണ്. കേന്ദ്രസർക്കാർ അഖിലേന്ത്യാ തലത്തിൽ അംഗീകരിച്ച ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ തെരഞ്ഞെടുത്താൽ മാത്രമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ.

## സബ്മിഷൻ.

(1) കാസർഗോഡ് ഗവണ്മെന്റ് കോളേജിലുണ്ടായ സംഘർഷം.

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ഗവണ്മെന്റ് കോളേജിൽ 2-3-2007-ൽ എസ്.എഫ്.ഐ.-യുടേയും എം.എസ്.എഫ്.-ന്റേയും പ്രവർത്തകർ തമ്മിൽ നടന്ന സംഘട്ടനത്തിൽ നിരപരാധികളായ എം.എസ്.എഫ്.-കാരെ പ്രതിയാക്കി കേസ്സിൽപ്പെടുത്തുകയും കുറ്റം ചെയ്ത എസ്.എഫ്.ഐ.-ക്കാരുടെ പേരിൽ നിസ്സാര വകുപ്പുകൾ ചേർത്ത് കേസ്സെടുക്കുകയും ചെയ്ത പക്ഷപാതപരമായ പോലീസ് നടപടിയെക്കുറിച്ച് അന്വേഷിച്ച് നിരപരാധികളെ ഒഴിവാക്കിയശേഷം കുറ്റം ചെയ്ത മുഴുവൻ പ്രതികളുടെയും പേരിൽ കേസ്സെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സി.എച്ച്. കുഞ്ഞമ്പുവും നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2007 മാർച്ച് 2-ാം തീയതി കാസർഗോഡ് ഗവണ്മെന്റ്

കോളേജിലെ എസ്.എഫ്.ഐ. വിഭാഗം വിദ്യാർത്ഥികളുടെ യോഗത്തിൽ പങ്കെടുക്കാനെത്തിയ എസ്.എഫ്.ഐ. ജില്ലാ സെക്രട്ടേറിയറ്റ് അംഗവും കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശിവപ്രസാദിനെ 13--ഓളം എം.എസ്.എഫ്. പ്രവർത്തകർ മാരകായുധങ്ങളുപയോഗിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ . വിദ്യാർത്ഥികളിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്യുകയും 5 പേർ കോടതിയിൽ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ നാല് എസ്എഫ്.ഐ. പ്രവർത്തകരെ മാരകായുധങ്ങൾ ഉപയോഗിച്ച് പരിക്കേൽപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്.

(2) <u>വഴിയോരവിശ്രമ കേന്ദ്രങ്ങൾ..</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ടൂറിസം വകുപ്പ് ആരംഭം കുറിച്ച വഴിയോര വിശ്രമകേന്ദ്രങ്ങൾ വിപുലീകരിക്കണം.. സംസ്ഥാന–കേന്ദ്ര സർക്കാരുകളുടെയും ഡി.ടി.പി.സി.കളുടെയും സഹായത്തോടെ നടപ്പാക്കിയ ടൂറിസം പദ്ധതികൾ പലതും ശരിയായ രീതി യിൽ മാനേജ് ചെയ്യുന്നില്ല. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സ്ഥിരം കമ്മിറ്റിയുണ്ടാക്കി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഹൈജീനിക്കായും ലാഭകരമായും നടത്തിക്കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം.

. ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> മുൻ ഗവണ്മെന്റ് ആരംഭം കുറിച്ച വഴിയോര വിശ്രമകേന്ദ്രങ്ങളുടെ ഒരു യൂണിറ്റിന്റെ ഉദ്ഘാടനം കഴിഞ്ഞു. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ 100 വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം

ഡെസ്റ്റിനേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു കർമ്മ സമിതി രൂപീകരിക്കുന്നതാണ്.

(3) <u>വ്യാജ സി.ഡി., വി.ഡി. നിരോധനം.</u>

<u>ശ്രീ. തോമസ് ചാഴികാടൻ:</u> സ്വയംതൊഴിൽ എന്ന നിലയിൽ വീഡിയോ ലൈബ്രറികൾ നടത്തിവരുന്ന തൊഴിലാളികളും ഉടമകളും പോലീസ് നടത്തുന്ന റെയ്ഡിന്റെ ഫലമായി ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണ്. കോപ്പിറൈറ്റുള്ള സിനിമകളുടെ സീൽ വച്ച മാസ്റ്റർ സി.ഡി. തന്നെ ഓരോ ലൈബ്രറികളിലും സൂക്ഷിക്കണമെന്നുള്ള വ്യവസ്ഥ അപ്രായോഗികമാണ്. ബാങ്കിൽനിന്ന് വായ്പയെടുത്ത് വീഡിയോ ലൈബ്രറി നടത്തിയിരുന്ന ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പേരൂർ പ്ലാത്തോട്ടത്തിൽ സജി എന്നയാൾ ആത്മഹത്യ ചെയ്തതിന്റെ ഫലമായി നിരാലംബമായ കുടുംബത്തിന് സാമ്പത്തികസഹായം നൽകുകയും അദ്ദേഹം എടുത്ത ബാങ്ക് വായ്പ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. വി.എസ്. സുനിൽകുമാറും നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സജി എന്നയാളിന്റെ ആത്മഹത്യ സംബന്ധിച്ച് ഏറ്റുമാനൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വ്യാജ സി.ഡി.കളുടെ വിൽപ്പനയും വിതരണവും തടയാൻ ശക്തമായ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചുവരികയാണ്. മറ്റ് പല സംസ്ഥാനങ്ങളിലുമുള്ളതുപോലെ വീഡിയോ ലൈബ്രറികൾ

നിയമാനുസൃതമായി നടത്താൻ ഒരു പ്രത്യേക നിയമനിർമ്മാണത്തിന് രൂപം കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. .

(4) വിഭാസിന്റെ ദുരൂഹമരണം.

ശ്രീ. യു.സി. രാമൻ: കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മാവൂർ പൈപ്പ്ലൈൻ റോഡിൽ ഭാസ്ക്കരൻ നായരുടെ മകൻ വിഭാസിനെ ഫെബ്രുവരി 2-ാം തീയതി രാത്രി 11 മണിക്കുശേഷം കാണാതായതു സംബന്ധിച്ച് . പോലീസിൽ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ . 6- ാം തീയതി പി.എച്ച്.ഇ.ഡി. ഗ്രൗണ്ടിനോട് ചേർന്ന കിണറിൽ നിന്ന് മൃതദേഹം കണ്ടെത്തുകയാണുണ്ടായത്. പ്രസ്തുത മരണത്തിൽ ദുരൂഹതയുണ്ടെന്നു സംശയിക്കുന്നതിനാൽ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വിഭാസിന്റെ മരണം സംബന്ധിച്ചുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) പീഡനത്തിന് വിധേയരാകുന്ന പെൺകുട്ടികൾക്ക് ലഭിക്കേണ്ട പരിരക്ഷ.

ശ്രീ. എ.പി. അനിൽകുമാർ: പീഡനങ്ങൾക്കും കയ്യേറ്റങ്ങൾക്കും വിധേയരാകുന്ന പെൺകുട്ടികൾക്ക് പോലിസ് അന്വേഷണത്തിന്റെ ഭാഗമായി നടത്തുന്ന തെളിവെടുപ്പും ചോദ്യം ചെയ്യലും വലിയ മാനസിക പീഡനമാണ് നൽകുന്നത്. അപക്വമായ പ്രായം കൊണ്ടും പ്രലോഭനങ്ങൾ കൊണ്ടും അറിയാതെ അപകടത്തിൽ ചെന്നുപെടുന്ന കുട്ടികളെ സമൂഹത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരേണ്ട ബാധ്യത ഗവണ്മെന്റിനുണ്ട്. പീഡനത്തിനിരയാകുന്ന

പെൺകുട്ടികളെ പ്രദർശന വസ്തുവിനെപ്പോലെ തെരുവിലൂടെ കൊണ്ടു വന്ന് തെളിവെടുപ്പ് നടത്തുന്നത് ഒഴിവാക്കണം. വിചാരണവേളയിൽ ഇവർക്ക് ആവശ്യമായ പരിരക്ഷ ലഭ്യമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പീഡനത്തിന് വിധേയരായ പെൺകുട്ടികളെ തെളിവെടുപ്പിന്റെ പേരിൽ ചോദ്യം ചെയ്യുന്നത് അന്തസ്സോടും അനുകമ്പയോടും കൂടിയായിരിക്കണമെന്നും മൊഴിയെടുക്കുന്നത് മാതാപിതാക്കളുടേയോ അടുത്ത ബന്ധുക്കളുടേയോ സാന്നിദ്ധ്യത്തിൽ കഴിയുന്നതും വനിതാ പോലീസ് ഉദ്യോഗസ്ഥയായിരിക്കണമെന്നും മെഡിക്കൽ പരിശോധന നടത്തുകയാണെങ്കിൽ അടുത്ത ബന്ധുവോ അല്ലാത്തപക്ഷം വനിതാ പോലീസ് ഉദ്യോഗസ്ഥയോ സമീപത്ത് ഉണ്ടായിരിക്കേണ്ടതാണെന്നും അനാവശ്യമായി സ്ത്രീകളെ സ്റ്റേഷനിൽ നിർത്തരുതെന്നും വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കൊടുത്തിട്ടുണ്ട്. മൊഴിയെടുക്കുന്ന സന്ദർഭത്തിൽ സഭ്യമായ വാക്കുകൾ ഉപയോഗിക്കണമെന്നും തികച്ചും മര്യാദയോടും ക്ഷമയോടും കൂടി പെരുമാറണമെന്നും സത്യവും വസ്തുനിഷ്ഠവുമായ മൊഴി രേഖപ്പെടുത്തണമെന്നും കേസ്സിനാവശ്യമുള്ള വിവരങ്ങൾ മാത്രം ചോദിച്ച് മൊഴിയെടുക്കണമെന്നും ശേഖരിച്ച വിവരങ്ങൾ ഒരു കാരണവശാലും പരസ്യപ്പെടുത്തരുതെന്നും കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ, പീഡനത്തിനിരയായവരെ പൊതുജന മദ്ധ്യത്തിൽ പ്രദർശിപ്പിക്കുകയോ അഭിമുഖ സംഭാഷണം നടത്തുകയോ ചിത്രങ്ങൾ എടുക്കാൻ അനുവദിക്കുകയോ ചെയ്യരുതെന്നും ഇവരുടെ സാന്നിദ്ധ്യം പരിമിതപ്പെടുത്തി തെളിവുകൾ ശാസ്ത്രീയാടിസ്ഥാനത്തിൽ ശേഖരിക്കേണ്ടതാണെന്നും യാതൊരുവിധ മാനസിക വ്യഥയും ഉണ്ടാകാത്ത

വിധത്തിൽ അവരോട് പെരുമാറുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കേന്ദ്രഗവൺമെന്റ് ഫണ്ട് മദ്രസ പദ്ധതിക്ക് വിനിയോഗിക്കാത്ത സംഭവം

ശ്രീ. പി.സി. ജോർജ്: ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ അവലോകന സമിതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം 511 മദ്രസകൾക്കായി അനുവദിച്ച നാലരക്കോടി രൂപ 14 ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നത് മദ്രസകൾക്ക് കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ): കേന്ദ്രാവിഷ്കൃത പദ്ധതിയായ മദ്രസ നവീകരണത്തിന് 2004-2005-ൽ 82 മദ്രസകൾക്കായി 59,04,000 രൂപ കേന്ദ്ര സർക്കാർ അനുവദിച്ച് ഉത്തരവായെങ്കിലും തുക അനുവദിച്ചത് 2006--ലാണ്. 2006--2007 സാമ്പത്തിക വർഷത്തിൽ ഈ തുക ചെലവഴിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2005-2006 വർഷത്തേയ്ക്ക് 429 മദ്രസകൾക്കായി 3,97,95,000 രൂപ 14-8-2006-ൽ കേന്ദ്രസർക്കാർ അനുവദിച്ചു. ശമ്പളത്തിനു പുറമേ ഒരു മദ്രസയ്ക്ക് 7,000 രൂപ എന്ന നിരക്കിൽ ബുക്ക് ബാങ്ക് സ്ഥാപിക്കാനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി ഒഴികെയുള്ള ജില്ലകളിലെ 511 മദ്രസകൾക്കാണ് ഈ തുക ലഭിക്കേണ്ടത്. അദ്ധ്യാപകരുടെ ഹാജർ നില, അക്വിറ്റൻസ് തുടങ്ങിയവ പരിശോധിച്ച് തുക 20-3-07-നകം മദ്രസകൾക്ക് വിതരണം ചെയ്യാനുള്ള ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക്

6-1-2007-ൽ സർക്കാർ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ തുക വിതരണം ചെയ്യുന്നതാണ്.

(7) വടക്കാഞ്ചേരി മേൽപ്പാലത്തിന്റെ പണി

ശ്രീ. എ.സി. മൊയ്തീൻ: 1932 മുതൽ ആവശ്യപ്പെടുന്ന വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുമെന്ന് 6 മാസത്തിനുമുമ്പ് ഉറപ്പുനൽകിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് സ്ഥലമെടുപ്പ് പൂർത്തിയാക്കി. അപ്രോച്ച്റോഡിന്റെ നിർമ്മാണവും നടത്തി. ഇതിനായി ചെലവഴിച്ച കോടിക്കണക്കിന് രൂപ പ്രയോജനപ്രദമാകാതെ കിടക്കുകയാണ്. മേൽപ്പാലത്തിന്റെ പണിക്ക് 59 ലക്ഷം രൂപ ആവശ്യമാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം പണിയുന്നതിനുവേണ്ടി. 242.23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റെയിൽവേ വകുപ്പ് നൽകിയിട്ടുണ്ട്. അപ്രോച്ച്റോഡ് പണിക്കായി 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി തുടങ്ങുന്നതിനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലം പണിയുന്നതിന് 362.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. ഭരണാനുമതി നൽകിയതിനുശേഷം മേൽപ്പാലത്തിനു നൽകേണ്ട തുക എത്രയും വേഗം കൊടുക്കുന്നതാണ്.

(8) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ബി. രാഘവൻ: കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കണം. ഉൽപ്പാദന ക്ഷമതയും തൊഴിലുറപ്പും വർദ്ധിപ്പിച്ച് ഈ വ്യവസായത്തെ സംപുഷ്ടമാക്കണം. കാഷ്യൂ ബോർഡ് രൂപീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കശുവണ്ടി വ്യവസായ രംഗത്ത് തൊഴിലാളികൾക്ക് പരമാവധി ജോലി കൊടുക്കാനും വ്യവസായം നല്ലൊരു അടിത്തറയിൽ പുന:സ്ഥാപിക്കാനും കശുമാവ് കൃഷി വ്യാപിപ്പിക്കാനുമുള്ള നടപടികൾ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഗുണമേന്മ ഉറപ്പ് വരുത്തുക തുടങ്ങിയ കാര്യങ്ങൾക്കായി കശുവണ്ടി വികസന കോർപ്പറേഷൻ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും തരിശുഭൂമികളിലും റീഹാബിലിറ്റേഷൻ പ്ളാന്റേഷന്റെ കുളത്തൂപ്പുഴയിലുള്ള തോട്ടത്തിൽ ഏകദേശം 22 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികളെടുത്തിട്ടുണ്ട്. കൊല്ലം ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എഴുകോണിലെയും നെടുവത്തൂരിലെയും ഫാക്ടറികൾ കാഷ്യൂ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരിച്ച് ലഭിക്കുന്നതിനുവേണ്ട നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(9) <u>ടെക്നോപാർക്കിലും സമീപപ്രദേശങ്ങളിലും ഡ്രെയിനേജ് സൗകര്യം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം. എ. വാഹീദ്</u>: കഴക്കൂട്ടം നിയോജകമണ്ഡലം ജനസംഖ്യ കൊണ്ടും ജനസാന്ദ്രതകൊണ്ടും ഹൈടെക് സിറ്റിയായി വളരുന്നതിനനുസരിച്ച് ഡ്രെയിനേജ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയ്ക്കുള്ള സംവിധാനമുണ്ടാക്കിയിട്ടില്ല. കഴക്കൂട്ടത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ വീടുകളിൽനിന്നുള്ള മാലിന്യങ്ങൾ പാവപ്പെട്ട കർഷക–കൈത്തറി–കയർത്തൊഴിലാളികൾ കുളിക്കുന്ന പുഴയിലേക്ക് ഒഴുക്കിവിടുകയാണ്. അവിടെയുള്ള കുടിവെള്ളം മുഴുവനും ടെക്നോപാർക്കിലേക്ക് ഊറ്റിക്കൊണ്ടുപോകുകയാണ്. ഇൻഫോസിസിനും യു.എസ്.സോഫ്റ്റ്വെയറിനുമായി ഏറ്റെടുത്തിട്ടുള്ള 200 ഏക്കർ സ്ഥലത്ത് ഇപ്പോഴുള്ളതിനേക്കാൾ ബഹുനില കെട്ടിടങ്ങൾ വരാൻ പോകുകയാണ്. അതിനനുസരിച്ച് ഡ്രെയിനേജും സ്വീവേജും ട്രീറ്റ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. മാരകമായ രോഗങ്ങൾ പടരാൻ സാദ്ധ്യതയുള്ളതിനാൽ ടെക്നോപാർക്കിനെക്കൊണ്ടു തന്നെ ട്രീറ്റുമെന്റ് പ്ളാന്റും കുടിവെള്ള പദ്ധതിയും ഈ മേഖലയിൽ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> ജവഹർലാൽ നെഹ്റു ദേശീയ നഗര പുനർജീവന പദ്ധതിയിലുൾപ്പെടുത്തി കടകംപള്ളി, ഉള്ളൂർ, ആറ്റിപ്ര പ്രദേശങ്ങൾക്ക് 153.8 കോടി രൂപയുടെ സ്വീവേജ് സിസ്റ്റം നടപ്പിലാക്കാനുള്ള നിർദ്ദേശം തിരുവനന്തപുരം നഗരസഭ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം നടപ്പിലാക്കിക്കഴിയുമ്പോൾ ഇവിടത്തെ ഖരമാലിന്യ–മലിനജല

സംസ്ക്കരണമുൾപ്പെടെയുള്ള ഡ്രെയിനേജ് പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നതാണ്. നഗരസഭാ അധികൃതരും ടെക്നോപാർക്ക് അധികൃതരുമായി ആലോചിച്ച് പ്രശ്നത്തിന് താൽക്കാലിക പരിഹാരം കാണാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(10) മീനച്ചിലാറിന്റേയും തോടുകളുടേയും മലിനീകരണം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ജില്ലയിലെ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന മീനച്ചിലാറിലും സമീപ പ്രദേശങ്ങളിലെ തോടുകളിലും പോളകൾ അടിഞ്ഞ് മലിനമാകുകയാണ്. ഇവ ശുദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മീനച്ചിലാറിലേയും സമീപ തോടുകളിലേയും പോളകൾ നീക്കി ഉപയോഗപ്രദമാക്കുന്നതിന് വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള 13 ലക്ഷം രൂപയുടെ സ്ക്കീമിന് അനുമതി ലഭിച്ചാലുടൻ നടപ്പാക്കുന്നതാണ്.

(11) റെയിൽവേ കാറ്ററിംഗ് തൊഴിലാളികളുടെ പാർലമെന്റ് മാർച്ച്

ശ്രീ. സി.കെ.പി. പത്മനാഭൻ: കേന്ദ്രസർക്കാരിന്റെ പുതിയ കാറ്ററിംഗ് നയം മൂലം പിരിച്ചുവിടപ്പെട്ട നാൽപ്പത് വർഷത്തോളം സർവീസ്സുള്ള ആയിരത്തോളം റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ ജോലിസ്ഥിരത ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ച് പാർലമെന്റ് മാർച്ച് നടത്തുകയാണ്. ദേശീയ തൊഴിലുറപ്പു പദ്ധതി നിലവിൽവന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ റെയിൽവേ കാറ്ററിംഗ് തൊഴിലാളികളുടേയും

പോർട്ടർമാരുടേയും സംരക്ഷണത്തിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): റെയിൽവേ കാറ്ററിംഗ് തൊഴിലാളികളുടെ പ്രശ്നം 3-11-2006-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ പുതിയ നയരൂപീകരണത്തിന്റെ ഫലമായി റെയിൽവേ കാറ്ററിംഗ് സമ്പ്രദായം, ഇൻഡ്യൻ റെയിൽവേയ്സ് കാറ്ററിംഗ് ആന്റ് ടൂറിസം കോർപ്പറേഷന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി. സ്റ്റേഷനുകളിലെ കാറ്ററിംഗ് സർവ്വീസും അവരുടെ കീഴിലാവുകയുണ്ടായി. പുതിയ ടെന്റർ വിളിക്കുമ്പോൾ പഴയ ലൈസൻസുകാർക്കും അതിൽ പങ്കെടുക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർവ്വീസിലുണ്ടായിരുന്ന തൊഴിലാളികളെ പിരിച്ചുവിടപ്പെട്ടതിന്റെ ഉൽക്കണ്ഠ കേരള സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായ ഈ നയം തിരുത്തിക്കാൻ കൂട്ടായി പരിശ്രമിക്കാം.

(12) ബോട്ട് സർവീസ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.കെ. സദാശിവൻ: കുട്ടനാട്, മുഹമ്മ, എറണാകുളം തുടങ്ങിയ പ്രദേശങ്ങളിലെ ബോട്ട് സർവീസ് കാര്യക്ഷമമാക്കി യാത്രാക്ളേശം പരിഹരിക്കണം. 85 ബോട്ടുകളുള്ളതിൽ 29 ബോട്ടുകൾ മാത്രമാണ് സർവീസ് നടത്തുന്നത്. ബോട്ടുകളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാനോ കട്ടപ്പുറത്തിരിക്കുന്ന ബോട്ടുകളുടെ താൽക്കാലിക റിപ്പയറിംഗ് നടത്താനോ മണ്ണിൽ താഴ്ന്നുപോയ ബോട്ടുകൾ കരയ്ക്കെടുക്കാനോ യാതൊരുവിധ

സംവിധാനവും ഡോക് യാർഡുകളിൽ ഇല്ല. പാടശേഖരങ്ങളിലും ചിറകളിലും തുരുത്തുകളിലും പണിക്ക് പോകുന്നവർക്ക് യാത്രാസംവിധാനമുണ്ടാക്കണം. കുട്ടനാടിനുവേണ്ടി ആലപ്പുഴയിലെ ജലഗതാഗതമേഖലയെ ഒരു സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്താൻ ഏർപ്പാടുണ്ടാക്കണം. . ബോട്ട് സർവീസുള്ള സ്ഥലങ്ങളിൽ എം.എൽ.എ.മാരെ ഉൾപ്പെടുത്തി ഉപദേശക സമിതികൾ രൂപീകരിക്കാനും ജലഗതാഗത വകുപ്പിൽ ഡയറക്ടറെ നിയമിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): ജലഗതാഗത വകുപ്പിന് ആവശ്യാനുസരണം ബോട്ടുകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടേക്കാട് ദുരന്തത്തിന് ശേഷം ബോട്ട് സർവീസിന് കർശനനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാരുടെ ക്ലേശം പരിഹരിക്കാനായി 10 ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവീസ് നടത്താൻ അനുമതി നൽകുകയും കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി 8 പുതിയ ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലഗതാഗത വകുപ്പിൽ എത്രയുംവേഗം ഡയറക്ടറെ നിയമിക്കുന്നതാണ്. എം.എൽ.എ.മാരെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (13) അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ്

ശ്രീ. സി.എഫ്. തോമസ്: അർഹതപ്പെട്ടവർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭിക്കാത്തതുകാരണം ചികിൽസാ സഹായവും വൈദ്യുതി കണക്ഷനും ആഴ്ചയിൽ മൂന്ന് രൂപയ്ക്ക് 25 കിലോ അരി ലഭിക്കുന്നതും നിഷേധിക്കപ്പെടുകയാണ്. ഈ ആനുകൂല്യം ലഭ്യമാക്കാനുതകുന്നവിധം

അർഹതപ്പെട്ടവർക്ക് ബി.പി.എൽ. റേഷൻ കാർഡ് നൽകാൻ സത്വര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പുതിയ പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നപ്പോൾ 9-ാം പദ്ധതിക്കുവേണ്ടി ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയ ദാരിദ്ര്യ രേഖാ സെൻസസ് പ്രകാരമുള്ള ലിസ്റ്റിൽ എ.പി.എൽ.-ബി.പി.എൽ. സംബന്ധിച്ച് ചില അപാകതകൾ സംഭവിച്ചതിന്റെ ഫലമായി അനർഹരായ വർക്ക് എ.പി.എൽ. കാർഡ് വിതരണം ചെയ്തിട്ടുണ്ട്. 10-ാം പദ്ധതിക്കു വേണ്ടി ഗ്രാമവികസന വകുപ്പ് എ.പി.എൽ.-ബി.പി.എൽ. ലിസ്റ്റിന് രൂപം നൽകിവരുന്നു. അപാകത പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 2007-ൽ പുതിയ കാർഡ് വിതരണം ചെയ്യുമ്പോൾ അർഹരായ ആളുകൾക്ക് ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (14) ലോട്ടറി തൊഴിലാളികൾക്കുള്ള ക്ഷേമനിധി

പ്രൊഫ. സി. രവീന്ദ്രനാഥ്: ഖജനാവിന് കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന വികലാംഗരുൾപ്പെടെയുള്ള ലോട്ടറി മേഖലയിലെ മൂന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ലോട്ടറിയുടെ പുന:സംഘടന ആലോചനയിലാണ്. ലോട്ടറി ജീവനക്കാരുടെ ക്ഷേമനിധി ഘടനയെ സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകളും വിൽപ്പനക്കാരുമായി വിശദമായ ചർച്ച നടത്തുന്നതാണ്.

(15). <u>മദ്രസയെ സംബന്ധിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി ലഭിക്കാത്തതു സംബന്ധിച്ച്.</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> മദ്രസ നവീകരണ പദ്ധതിയെ സംബന്ധിച്ച് 8-3-07-ന് ഉന്നയിച്ച 699-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി നൽകാതെ ഇപ്പോൾ ശ്രീ. പി.സി. ജോർജ് പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നയിച്ച സബ്മിഷന് ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി നൽകുകയുണ്ടായി. ചോദ്യത്തിന് മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ശ്രീ. പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടെയാണ് മറുപടി നൽകിയത്. ശ്രീ. സി.ടി. അഹമ്മദ് അലിയുടെ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി ലഭിക്കാത്തതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

. ക്രമപ്രശ്നം.

<u>ഒരേ വിഷയത്തിന് വ്യത്യസ്ത മറുപടി നൽകിയത് സംബന്ധിച്ച്.</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പ്രശസ്തരായ ചില സിനിമാ നടൻമാർക്ക് പണം കൊടുത്തു എന്നു പറയുകയും സഭയിൽ പറഞ്ഞപ്പോൾ അത് തിരുത്തിപ്പറയുകയും ചെയ്തിരിക്കുകയാണ്. ആ തെറ്റ് തിരുത്തിയതായി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറയണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അഡ്വർടൈസ്മെന്റ് ഫിലിമിനു വേണ്ടി ചെലവായ തുകയെക്കുറിച്ചുളള ചോദ്യത്തിനാണ് മറുപടി കൊടുത്തിരിക്കുന്നത്. ഒരാൾക്ക് കൊടുത്ത പ്രതിഫലത്തെക്കുറിച്ചല്ല പറയുന്നത്. അതുകൊണ്ട് ഒരു തിരുത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി മദ്രസ നവീകരണത്തിനുള്ള ഫണ്ട് വിതരണം ചെയ്യണമെന്നതു സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിന് മറുപടി നൽകിയില്ല എന്ന് മാത്രമല്ല ഒരു ഭരണകക്ഷി അംഗം ഈ വിഷയത്തെ സംബന്ധിച്ച് ഉന്നയിച്ച സബ്മിഷന് മറുപടി നൽകുന്നതോടൊപ്പം 'അത് ഗുണം ചെയ്തു' എന്ന് പറഞ്ഞ് പ്രതിപക്ഷാംഗങ്ങളെ ബന്ധപ്പെട്ട മന്ത്രി അവഹേളിക്കുകയും ചെയ്തു. ഭരണപക്ഷത്തു നിന്ന് ഇങ്ങനെയൊരു പരാമർശം ഉണ്ടാകാൻ പാടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി 12 ദിവസം മുൻപ് എഴുതിക്കൊടുത്ത ചോദ്യത്തിന് മറുപടി നൽകാതെ ഒരു ഭരണകക്ഷിയംഗത്തിന് സബ്മിഷനായി അതേ വിഷയം ഉന്നയിക്കാൻ അനുവാദം നൽകുകയും മറുപടി പറയുകയും അതിലൂടെ ദു:സ്സൂചനാപരമായ പദപ്രയോഗം നടത്തുകയും ചെയ്തുകൊണ്ട് പ്രതിപക്ഷ മെംബർമാരെ അവഹേളിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ നടപടി വളരെ നിർഭാഗ്യകരമാണ്; ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല.

ശ്രീ. പി. സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ടു മദ്രസയ്ക്ക് പണം കിട്ടാത്തതുകൊണ്ട് അവിടത്തെ രണ്ടു പള്ളിക്കാർ

പരാതി തന്നതനുസരിച്ച് മൂന്നാം തീയതി സബ്മിഷൻ ഉന്നയിക്കുന്നതിന് എഴുതിക്കൊടുക്കുകയും അഞ്ചാം തീയതി സഭയിൽ ഉന്നയിക്കുകയും ചെയ്തു

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 12 ദിവസം മുൻപ് ചോദിച്ച ചോദ്യത്തിന് മറുപടി കൊടുക്കുകയോ മറുപടി കൊടുക്കാത്തതിന്റെ കാരണം അറിയിക്കുകയോ ചെയ്യണം. പക്ഷേ ഇവിടെ അവതരിപ്പിച്ച രണ്ട് വിഷയവും ഒന്നാണെന്ന് ഇപ്പോഴാണ് അറിയുന്നത്. വിദ്യാഭ്യാസ വകുപ്പിനോട് 12 ദിവസം മുൻപ് ചോദിച്ച ചോദ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പരിശോധിച്ച് പറയാം. രണ്ട് വിഷയവും ഒരുപോലെതന്നെയാണ് കണേണ്ടത്; വിവേചനം പാടില്ല. അതിൽ എന്തെങ്കിലും വിവേചനം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചു ഇന്നുതന്നെ സഭയെ അറിയിക്കാം.

ശ്രീ. കെ. എം. മാണി: വളരെ ഗൗരവമുള്ള വിഷയമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. പ്രതിപക്ഷത്തെ ഒരു എം. എൽ.എ പത്ത് ദിവസം മുൻപ് ചോദിച്ച ചോദ്യത്തിന് മറുപടി നൽകാതെ ഭരണകക്ഷിയിൽപ്പെട്ട ഒരു മെമ്പർ സബ്മിഷനായി ഉന്നയിച്ച അതേ വിഷയത്തിന് മറുപടി പറയുകയും ചെയ്തുകൊണ്ട് വിവേചനം കാണിക്കുന്നത് ശരിയല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചാർജുള്ള, ഈ വിഷയത്തെ സംബന്ധിച്ച ചോദ്യത്തിന്റെ ഉത്തരം അംഗീകരിച്ചു കൊടുക്കേണ്ട നിയമവും പാർലമെന്ററി കാര്യവും

സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ഇക്കാര്യം അറിഞ്ഞില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ഒരിക്കലും ശരിയായ നടപടിയല്ല. . ഇത്തരത്തിൽ വിവേചനം ഉണ്ടാകാൻ പാടില്ല.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം ഏതു സമയത്തും നൽകാം. അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുന്നില്ല. ചോദ്യത്തിന് ഉത്തരം ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോയെന്ന് ഇന്ന് തന്നെ പരിശോധിച്ച് അറിയിക്കാം.

## റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ പന്ത്രണ്ടു ദിവസം മുൻപ് എഴുതിക്കൊടുത്ത് ഉന്നയിക്കുന്ന ചോദ്യത്തിന് മറുപടി നൽകാതെ സബ്മിഷന് മറുപടി നൽകുന്നത് മറ്റംഗങ്ങളോട് കാണിക്കുന്ന വിവേചനം തന്നെയാണ്. ഇത്തരം കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ധനകാര്യം

### 2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന

പ്രമേയങ്ങൾ മന്ത്രിമാർ  അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006-ലെ സാമ്പത്തിക അവലോകനം സമർപ്പിക്കുന്നു.  .

ശ്രീ. കെ. ശിവദാസൻ നായർ:  ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പോലും അവഗണിച്ച ഒരു ഗവൺമെന്റാണത്. . തോന്നയ്ക്കൽ ആശാൻ സ്മാരകത്തിനും ചെമ്പഴന്തി പഠന കേന്ദ്രത്തിനും മൂലൂർ സാംസ്ക്കാരിക നിലയത്തിനും കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ തുക നൽകിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ വിദ്യാഭ്യാസ  സമ്പ്രദായമാകെ  തകർന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പോലീസ് ഭരണത്തിൽ പോലീസ് സ്റ്റേഷനിൽ നിന്ന് പ്രതികളെ ബലമായി പിടിച്ചിറക്കിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. വിവിധ മാഫിയ സംഘങ്ങളുടെ തേർവാഴ്ചയാണ് നടക്കുന്നത്. കവർച്ചകൾ പെരുകിക്കൊണ്ടിരിക്കുന്നു. പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ അവിശ്വാസ പ്രമേയം ചർച്ചചെയ്യുന്നതിന് പാരാ മിലിട്ടറി ഫോഴ്സിനെ വിളിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കേണ്ട സ്ഥിതിവരെ എത്തി നില്ക്കുകയാണ്.  ആരോഗ്യ രംഗത്ത് പകർച്ചവ്യാധികൾ പെരുകിവരുന്നു.  പ്രതിരോധ കുത്തിവയ്പ് എടുത്താൽ  മരണം  ഉറപ്പെന്ന സ്ഥിതിയിൽ വരെ എത്തിനിൽക്കുന്നു. കർഷക ആത്മഹത്യ തുടർന്നുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് ജനാധിപത്യത്തിന്റെ അടിത്തറ തന്നെ ഇളക്കിയിരിക്കുകയാണ്.   ലാ ആന്റ് ഓർഡറും ക്യാബിനറ്റ് സിസ്റ്റവും തകർന്നു. ജുഡീഷ്യറിയെ തകർക്കാൻ ബോധപൂർവം ശ്രമം

നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ കർഷകർക്കുവേണ്ടി കൃഷി ഡിപ്പാർട്ടുമെന്റ് പത്ത് മാസമായിട്ടും ഒരു നല്ലകാര്യവും ചെയ്തിട്ടില്ല. കേന്ദ്ര ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി ഫണ്ടുകൾ മാറ്റിവച്ചിരിക്കുകയാണ്. 2007-2008-ൽ 2,25,000 കോടി രൂപ കാർഷിക വായ്പ നൽകാൻ തീരുമാനം എടുത്തിരിക്കുകയാണ്. കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിനായി 1677 കോടി രൂപയും ഡിസ്ട്രസ് ടു ഫാർമേഴ്സ് റിലീഫിനു വേണ്ടി 17,000 കോടി രൂപയും മാറ്റിവച്ചിരിക്കുന്നു. ഇതിന്റെ പ്രയോജനം കേരളത്തിലെ അഞ്ച് ജില്ലകൾക്ക് ലഭിക്കുന്നതാണ്. പലിശ എഴുതിത്തള്ളുന്ന ചെലവിനത്തിൽ അൻപത് ശതമാനം കേന്ദ്ര ഗവൺമെന്റും അൻപത് ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കണം. ഈ പദ്ധതി മറ്റു പല സംസ്ഥാനങ്ങളിലും ആരംഭിച്ചുവെങ്കിലും കേരളത്തിലെ ഒരു കൃഷിക്കാരനുപോലും പ്രയോജനം ലഭിച്ചിട്ടില്ല. കോഫി, റബ്ബർ, സ്പൈസസ്, കാഷ്യു, കോക്കനട്ട് എന്നിവയുടെ റീപ്ലാന്റേഷനും റിനോവേഷനുംവേണ്ടി കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പുതിയ ജലസേചന പദ്ധതിക്കുവേണ്ടി 11,000 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ഇതിനകത്ത് 3550 കോടി രൂപ ഗ്രാന്റ് കമ്പോണന്റുള്ളതിൽ കേരളത്തിന് കിട്ടുന്നത് കൊടുക്കുന്ന പ്രോജക്ടിനെ ആശ്രയിച്ചിരിക്കും. അതുപോലെ നൂറു ശതമാനം സബ്സിഡിയോടുകൂടിയ പദ്ധതിക്ക് 1800 കോടി രൂപയാണ് കേന്ദ്ര ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. വളത്തിന്റെ സബ്സിഡി നേരിട്ട് കൃഷിക്കാർക്ക് കൊടുക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം. ഗ്രാമീണ മേഖലയിൽ റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി

ആർ.ഐ.ഡി.എഫ് (Rural Infrastructutre Development Fund)-ന് 12,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. .പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ 5,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് വായ്പ കൊടുക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ കേരളത്തിലെ കൃഷിക്കാർക്ക് എത്ര രൂപ കിട്ടുമെന്ന് സഹകരണ വകുപ്പുമന്ത്രി മറുപടി പറയണം. ആവശ്യപ്പെടുന്നതെല്ലാം കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്നുണ്ട്. പരസ്പരവിശ്വാസമില്ലാത്ത മന്ത്രിമാരും ഘടകകക്ഷികളുമാണ് സംസ്ഥാനം ഭരിക്കുന്നത്. അതുകൊണ്ടാണ് കേരളം ഇരുളടഞ്ഞിരിക്കുന്നത് എന്നതിൽ തർക്കമില്ല.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2001-ൽ യു.ഡി.എഫ്. ഭരണം തുടങ്ങുമ്പോൾ അവർ നേരിടേണ്ടിവന്ന കാർഷിക പ്രതിസന്ധി, കാർഗിൽ യുദ്ധം, കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവ് എന്നിവ തരണം ചെയ്യാൻ നിയമന നിരോധനം, ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കൽ, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്. ആ ഗവൺമെന്റിന്റെ തെറ്റായ നയം മൂലമാണ് ധനക്കമ്മിയും റവന്യൂക്കമ്മിയും വർദ്ധിച്ചത്. ഗ്ലോബലൈസേഷന്റെ ഫലമായി സെൻട്രൽ ഗവൺമെന്റ് എടുത്തിരിക്കുന്ന നയങ്ങൾ സംസ്ഥാനത്തിന് ദോഷം ചെയ്യുന്നതാണ്. ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്ന് പ്രതീക്ഷിച്ച തുക കിട്ടിയില്ലെന്നു മാത്രമല്ല കേരളത്തെ സംബന്ധിച്ചിടത്തോളം ചെറുകിട സമ്പാദ്യ പദ്ധതിയിൽനിന്ന് പണം പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. 5% പലിശയ്ക്ക് സംസ്ഥാനത്തിനുവേണ്ടി എടുക്കുന്ന പണം കേന്ദ്രഗവൺമെന്റ് കൈപ്പറ്റുകയും സംസ്ഥാനത്തിനു

തരാതിരിക്കുകയും ചെയ്യുന്നതിൽ കോൺട്രഡിക്റ്ററി ഉണ്ട്. സംസ്ഥാനത്തിന് യഥാസമയം സെയിൽസ് ടാക്സ് കിട്ടാത്ത അവസ്ഥയാണ് നിലവിലുള്ളത്. വൻകിടക്കാർ ധാന്യങ്ങളും പച്ചക്കറികളും സംഭരിച്ചു വച്ചിട്ട് സാധാരണക്കാരനെ ദ്രോഹിക്കുകയാണ്. ആ അവസ്ഥ ഉണ്ടായതിനു കാരണം സെൻട്രൽ ഗവൺമെന്റിന്റെ തെറ്റായ നയങ്ങളാണ്. കൃഷിയെ സംബന്ധിച്ച് ഡബ്ല്യൂ.ടി.ഒ.യുമായി കരാറുണ്ടാക്കി ആ നയങ്ങൾ തുടരുകയാണ്. വിദേശകടങ്ങൾ സെൻട്രൽ ഗവൺമെന്റ് നേരിട്ടു വാങ്ങി സ്റ്റേറ്റിനു കൊടുക്കാതെ കടം വാങ്ങിക്കാൻ സ്റ്റേറ്റിനെ പ്രേരിപ്പിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത മൂലം ധാരാളം പണം നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് സി.ആന്റ് എ.ജി റിപ്പോർട്ടിൽ പറയുന്നത്.

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>: സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുന്നു. റവന്യൂ കമ്മി ഭയാനകമായ വിധത്തിൽ വർദ്ധിച്ചുവരുന്നു എന്നുള്ളത് ധനകാര്യസ്ഥിതി വളരെ മോശമാണെന്നാണ് കാണിക്കുന്നത്. അതിനനുസരിച്ച് വരുമാനം ഉണ്ടാക്കാൻ സർക്കാരിന് സാധിക്കുന്നില്ല. വികസന പ്രവർത്തനത്തിനുവേണ്ടിയുള്ള തുക നോൺ പ്ലാൻ ഇനത്തിൽ ചെലവഴിക്കുന്നത് ശരിയായ രീതിയല്ല. ഓരോ കേരളീയന്റേയും ശരാശരി കടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. . കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻവരെ കൊടുത്തിട്ടില്ല. സ്പോർട്ട്സ് ലോട്ടറിയിൽനിന്നും ആകെ കിട്ടിയ വരുമാനം എത്രയാണെന്നും ലാഭം എത്രയാണെന്നും വ്യക്തമാക്കണം. കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം ഉണ്ടാക്കുന്നതിന് കണ്ടിൻജൻസി

ഫണ്ടിൽനിന്നും 10 ലക്ഷം രൂപ എടുക്കാതെ സഭയുടെ അനുവാദത്തോടെ ഇത് ബഡ്ജറ്റിൽ കൊണ്ടുവരേണ്ടതായിരുന്നു. കേരളം അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ വളരെ പിന്നിലാണ്. പദ്ധതികൾ പലതും നടക്കുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ജീവിതം വളരെ ബുദ്ധിമുട്ടിലാണ്. പെൻഷനും അലവൻസും വർദ്ധിപ്പിച്ചെങ്കിലും അത് എല്ലാമാസവും 1-ാം തീയതിതന്നെ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാനും റവന്യൂ കമ്മി ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോളപ്രശസ്തി നേടിയിരുന്ന കേരളത്തിന്റെ വികസന മേഖലയ്ക്ക് മങ്ങലേൽപിച്ച കാലഘട്ടമായിരുന്നു യു.ഡി.എഫ്. ഭരണകാലം. തകർന്നു പോയ മേഖലകളെ ഈ ഗവണ്മെന്റിന്റെ കാഴ്ചപ്പാടിനനുസൃതമായി പുനരുജ്ജീവിപ്പിച്ച് ഒരു പുതിയ കേരളം കെട്ടിപ്പടുക്കുക എന്നുള്ള ലക്ഷ്യത്തിനുവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് ഈ അധികച്ചെലവ് വേണ്ടിവന്നത്. കഴിഞ്ഞ ഗവണ്മെന്റ് വരുത്തിവച്ച ഒട്ടേറെ ബാദ്ധ്യതകൾ ഈ ഗവണ്മെന്റിനു കൊടുത്തുതീർക്കേണ്ടിവന്നു. റവന്യൂ കമ്മി ഏറിവരുന്ന സാഹചര്യത്തിൽ ഭരണ-പ്രതിപക്ഷ കക്ഷിഭേദമെന്യേ കേരള ത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ ഒരു അന്തരീക്ഷം സംസ്ഥാനത്തുണ്ടാക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കേരളത്തിലെ കാർഷിക, വ്യാവസായിക, ആരോഗ്യമേഖലകളുടെ സ്ഥിതി വളരെ ദയനീയ മായിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് 9 മാസത്തിനുള്ളിൽ കാർഷികമേഖലയുടെ വികസനത്തിനായി ചെയ്യാൻ പറ്റുന്ന പരമാവധി

കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രയാസങ്ങളേറെയുണ്ടായിരുന്നിട്ടും കാസർഗോഡ് ജില്ലയിലെ കവുങ്ങുകൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുത്ത ഗവണ്മെന്റാണിത്. കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കിയ പുത്തൻ സാമ്പത്തികനയം കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. 2007-08-ലെ കേന്ദ്ര ബഡ്ജറ്റിൽ നാണ്യവിളകളുടെ ഇറക്കുമതി തീരുവ വീണ്ടും കുറച്ചുവെന്നുമാത്രമല്ല ഇൻഡ്യയിലെ കർഷക ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഒരു പദ്ധതിയും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതുമില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായാണ് 1965-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അനുവദിച്ചത്. 2001 വരെ പൊതുവിതരണ മേഖല ചൈതന്യമുള്ളതായിരുന്നു. എന്നാൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കേരളത്തിലെ പൊതുവിതരണ മേഖലയെ നാഥനില്ലാക്കളരിയാക്കി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ 30 കോടിയിലധികം രൂപ അനുവദിച്ചു. ആരോഗ്യ മേഖലയുടെ വികസനത്തിന് നല്ല പ്രവർത്തനങ്ങളാണ് ഈ ഗവണ്മെന്റ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ടവരുടെ നന്മയ്ക്കുവേണ്ടി ഈ ഗവണ്മെന്റ് ഒട്ടേറെ പദ്ധതികൾ ഇതിനോടകം ആവിഷ്ക്കരിച്ച് നടപ്പിലാക്കി. വിലക്കയറ്റം നിയന്ത്രിക്കാനും വ്യവസായമേഖലയെ സംരക്ഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും മുൻകൈയെടുത്ത ഒരു ഗവണ്മെന്റാണിത്. കേരളത്തിന്റെ സമഗ്രമായ വികസനത്തിനാവശ്യമായ നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻവർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ കടം വാങ്ങിയത് കഴിഞ്ഞവർഷമാണെന്നു കാണാം. കടം വാങ്ങിയ തുകയിൽ ഭൂരിഭാഗവും റവന്യൂച്ചെലവുകൾക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മോശമായ എക്സ്പെന്റിച്ചർ ക്വാളിറ്റിയാണ് ഇതിൽനിന്നും പ്രകടമാകുന്നത്. വികസന ആവശ്യങ്ങൾക്കല്ലാതെ റവന്യൂ ആവശ്യങ്ങൾക്കായി കൂടുതൽ പണം ചെലവഴിച്ചിട്ട് അധിക ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നുപറയുന്നത് യുക്തിയല്ല. രൂക്ഷമായ വിലക്കയറ്റംമൂലം ജനങ്ങൾ പൊറുതിമുട്ടിയിട്ടും അത് നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ തകർത്തുതരിപ്പണമാക്കി. ക്രമസമാധാന രംഗമാകെ തകർന്നു. പാർട്ടിയിലുള്ളവർതന്നെ തമ്മിൽ യോജിപ്പില്ല. മന്ത്രിമാരും മുഖ്യമന്ത്രിയും തമ്മിൽ യാതൊരു ഏകോപനവുമില്ല. എ.ഡി.ബി. കരാർ നടപ്പിലാക്കുന്നതിനെതിരെ ഭരണകക്ഷിയിലുള്ളവർ തന്നെ ഇന്ന് പ്രതിഷേധദിനം ആചരിക്കുകയാണ്. സി.പി.ഐ.(എം) ജനദ്രോഹകരമായ ഒരു കരാറാണ് അംഗീകരിച്ചിരിക്കുന്നത്. വികസന കാര്യങ്ങളിൽ രാഷ്ട്രീയം മറന്നുകൊണ്ട് സഹകരിക്കണമെന്നാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം.

<u>ശ്രീ. എം.കെ. പ്രേംനാഥ് :</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 45,000 കോടി രൂപയുടെ കടമാണ് യു.ഡി.എഫ്. ഗവണ്മെന്റ് സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ളത്. ഈ സർക്കാർ റവന്യൂച്ചെലവ് വളരെ കുറച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ വിവിധ മേഖലകളിൽ പുരോഗമനപരമായ ധാരാളം പരിപാടികൾ ഈ ഗവണ്മെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ശ്രദ്ധേയമാണ്.

യു.ഡി.എഫ്. ഭരണകാലത്തെ അപേക്ഷിച്ച് കർഷക ആത്മഹത്യകൾ ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കർഷകർക്ക് ധാരാളം ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് കാർഷിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കി. കർഷകരെ രക്ഷിക്കുന്നതിനായി കർഷക കടാശ്വാസ നിയമം കൊണ്ടുവന്നു എന്നുമാത്രമല്ല, കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങൾ കടാശ്വാസത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. സഹകരണ രംഗത്തും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിലവർദ്ധന തടയാൻ ധാരാളം നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സഹകരണ രംഗത്തെ രക്ഷിക്കുന്നതിനായി നിക്ഷേപങ്ങൾക്ക് ഏർപ്പെടുത്തിയ ടാക്സ് ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടും അത് ഒഴിവാക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല. ഈ ഗവണ്മെന്റ് എല്ലാ രംഗത്തും പുരോഗമനപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 19 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചു. ആഗോളവൽക്കരണത്തിന്റെ ഫലമായിട്ടാണ് രാജ്യം ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത്. ഗാട്ട് കരാർ ഒപ്പിട്ട സമയത്ത് പാർലമെന്റിൽപ്പോലും ചർച്ച ചെയ്തില്ല. ഗാട്ട് കരാറിന്റെ ഫലമായിട്ടാണ് കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയിടിവും സാമ്പത്തിക പ്രതിസന്ധിയും സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങളെയാണ് ഇടതുപക്ഷ ജനാധിപത്യ പാർട്ടികൾ എതിർക്കുന്നത്.

<u>ശ്രീ. കെ. കെ. ദിവാകരൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് ഉപധനാഭ്യർത്ഥനവഴി 5 കോടി

രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.ക്കും മറ്റ് സ്ഥാപനങ്ങൾക്കുമായി 72 കോടി രൂപ കൊടുക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. നികുതി പിരിവിന്റെ കാര്യത്തിൽ ഈ ഗവണ്മെന്റ് വന്നതിനുശേഷം വലിയ കുതിച്ചുകയറ്റമുണ്ടായി. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി തകരുന്ന വിധത്തിലുള്ള ബഡ്ജറ്റാണ് കേന്ദ്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ആളോഹരി വരുമാന വർദ്ധനവ് നെഗറ്റീവാണ്. കൃഷിയിൽ നിന്നുള്ള വരുമാനം കുറയുന്നു. കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കുന്നതിന് രൂപീകരിച്ച നാഷണൽ കമ്മീഷൻ ഓൺ ഫാർമേഴ്സിന്റെ റെക്കമെന്റേഷനുകൾ ഈ പ്രശ്നം പരിഹരിക്കാൻ ഉതകുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും അത് നടപ്പിലാക്കാൻ കേന്ദ്രഗവണ്മെന്റ് തയ്യാറായിട്ടില്ല. കർഷകരെ സഹായിക്കാൻ കടാശ്വാസ നിധി രൂപീകരിക്കണം. കർഷകരുടെ കടങ്ങൾക്ക് പലിശനിരക്ക് കുറച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ ആനുകൂല്യം അവർക്ക് ലഭ്യമായിട്ടില്ല. കേരള ഗവണ്മെന്റ് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗോതമ്പിന്റേയും ധാന്യങ്ങളുടേയും സംഭരണത്തിലുണ്ടായ കേന്ദ്ര ഗവണ്മെന്റിന്റെ പരാജയമാണ് വിലക്കയറ്റത്തിനുള്ള പ്രധാന കാരണം.

ശ്രീ. പി. ജെ ജോസഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം ഗുരുതരമായ വരൾച്ച നേരിടുകയാണ്. റിസർവോയറുകളിലെ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. ഇതൊക്കെ നേരിടുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. കേന്ദ്രഗവണ്മെന്റിൽ മെമ്മോറാണ്ടം നൽകി ആവശ്യമായ സമ്മർദ്ദം ചെലുത്തി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്

സഹായം വാങ്ങണം. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിലൂടെ വരൾച്ചയെ വൻതോതിൽ നേരിടാൻ സാധിക്കും. കേരളത്തിലെ മഴവെള്ളം ഓരോ വീട്ടുവളപ്പിലും സംഭരിക്കത്തക്കവിധത്തിലുള്ള ടെക്നോളജി അടിയന്തിരമായി നടപ്പാക്കണം. കേരളത്തിന്റെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് വ്യാവസായികരംഗത്ത് വമ്പിച്ച പുരോഗതി ആവശ്യമാണ്. റബ്ബർ ഒഴികെ മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെയെല്ലാം വില കുറഞ്ഞിരിക്കുന്നു. സംസ്ഥാനം ജൈവകൃഷിയിലേയ്ക്ക് മടങ്ങുന്നുവെന്നുള്ള ഗവർണ്ണറുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഏറ്റവും കൂടുതൽ രാസവളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നതുകൊണ്ടാണ് ഉൽപ്പാദനക്ഷമത കുറയുന്നത്. മണ്ണിരയുടേയും സൂക്ഷ്മജീവികളുടേയും പ്രവർത്തനം കൃഷിയിടങ്ങളിലുണ്ടായില്ലെങ്കിൽ മണ്ണിന്റെ ജലസംഭരണശേഷി കുറയും. കൃഷിക്കാവശ്യമുള്ള വെള്ളം പുരയിടങ്ങളിൽത്തന്നെ സംഭരിച്ച് ഉപയോഗിക്കാൻ കർഷകരെ പ്രോൽസാഹിപ്പിക്കണം. ഇന്ത്യയിലെ 15,000 കിലോമീറ്റർ റോഡ് നാഷണൽ ഹൈവേയാക്കിയപ്പോൾ അതിൽ കേരളത്തെ ഉൾപ്പെടുത്തിയില്ല. ആറുവരിപ്പാത കേരളത്തിന് ആവശ്യമാണ്. തിരുവനന്തപുരം-പാലക്കാട്-സേലം എന്നിവ ചേർത്ത് കേരളത്തിൽ റെയിൽവേ സോൺ അനുവദിക്കേണ്ടതാവശ്യമാണ്. ഇന്ത്യയാകെ വികസിക്കുമ്പോൾ കേരളം നോക്കിനിൽക്കേണ്ട അവസ്ഥയാണുണ്ടായിരിക്കുന്നത്. ഇവിടെ നിക്ഷേപിക്കുന്ന പണം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. ഇലക്ട്രിസിറ്റിയുടെ ജനറേഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ കൂട്ടുകയും

ചാർജ്ജ് കുറയ്ക്കുകയും വേണം. പബ്ളിക് പ്രൈവറ്റ് പാർട്ണർഷിപ്പ് ഉണ്ടാകണം. സ്കൂളുകളിലും കേളേജുകളിലും പ്ളാസ്റ്റിക് നിരോധിക്കണം. ജൈവ മാലിന്യങ്ങൾ കംപോസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ശ്രീ. എ.എ. അസീസ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ 23,000 കോടി രൂപയായിരുന്ന കടബാധ്യത ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ 45,000 കോടി രൂപ യായി ഉയർന്നിരുന്നുവെന്ന സത്യം നിഷേധിക്കാനാവില്ല. സാധാരണ ക്കാർക്കും പാവപ്പെട്ടവർക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയി ലുള്ള ഭരണമാണ് ഇപ്പോൾ നടക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സേവന-വേതന വ്യവസ്ഥകൾ വെട്ടിക്കുറച്ചതിന്റെ ഫലമായി 33 ദിവസം നീണ്ടുനിന്ന സമരം നടന്നു. ഈ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. സഹകരണ വകുപ്പിന്റെ സഹായത്തോടെ മാതൃകാപരമായ രീതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. . ഓരോ പ്രൈമറി സഹകരണ സംഘങ്ങളും 5 മുതൽ 7 വരെ ഔട്ട്ലെറ്റ് ആരംഭിച്ചുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സൗകര്യം ഒരുക്കി. ഈ ഗവൺമെന്റ് അഴിമതിരഹിത ഭരണമാണ് നടത്തുന്നത്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും യഥാസമയം ശമ്പളപരിഷ്ക്കരണം നടത്താത്തതിന്റെ ഫലമായി 2002-03-ൽ സർവ്വീസിൽനിന്ന് പിരിഞ്ഞുപോയ

മുപ്പതിനായിരത്തിൽപ്പരം സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യം കിട്ടാതെപോയിയെന്നത് ദു:ഖസത്യമാണ്.

ശ്രീ. പി.സി. ജോർജ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തികനില മുന്നോട്ടുപോകണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിൽ മാറ്റം വരുത്തണം. അധിക വിഭവ സമാഹരണ മെന്നപേരിൽ സാധാരണക്കാരുടേയും ചെറുകിട കച്ചവടക്കാരുടേയുംമേൽ അധിക നികുതിഭാരം ചുമത്താൻ പാടില്ല. കേരളത്തിൽ കാര്യക്ഷമതയും സാമ്പത്തികഭദ്രതയും ഉറപ്പാക്കുന്നതിന് കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതാൻ ശക്തമായ നടപടി സ്വീകരിക്കണം. കടം തിരിച്ചടയ്ക്കാനുള്ളപ്പോൾ വീണ്ടും കടം വാങ്ങാൻ ശ്രമിക്കുന്നത് കൂടുതൽ അപകടത്തിലെത്തിക്കുകയേയുള്ളൂ. എ.ഡി.ബി. വായ്പക്കരാറിലെ നിബന്ധന കളിൽ ഇപ്പോൾ പ്രതിപക്ഷവും ഭരണപക്ഷവും യോജിച്ചിരിക്കുകയാണ്. 2006-ൽ സഹകരണ മേഖലയുടെ ടാർജറ്റിനെക്കാൾ കൂടുതൽ അച്ചീവ് ചെയ്യാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ ബാങ്കു കളിൽനിന്ന് പണം കടമെടുത്ത് ചെലവഴിക്കുന്നതിനുപകരം വിദേശ ബാങ്കുകളെ ആശ്രയിക്കുന്നതിനോട് യോജിക്കാനാവില്ല. സ്മാർട്ട്സിറ്റി കരാർ സംബന്ധിച്ച് സുതാര്യമായി ചർച്ച ചെയ്ത് എത്രയുംവേഗം തീരുമാനമുണ്ടാക്കണം.

ശ്രീ. എ.എം. യൂസഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സമസ്ത മേഖലയിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രത്തിൽനിന്നും

വിവിധ വകുപ്പുകൾക്ക് ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന സത്യം നിഷേധിക്കാനാവില്ല. ഈ ഗവൺമെന്റ് വന്നശേഷം 41 പോളിടെക്നിക്കുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞ പത്ത് മാസക്കാലംകൊണ്ട് സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. സ്പോർട്ട്സ് മേഖലയിൽ ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള ഉത്തരവാദിത്വം കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടില്ല. യുവജനോൽസവങ്ങളിൽ വിദ്യാർത്ഥി കൾക്ക് കൂടുതൽ മൽസരങ്ങളിൽ പങ്കെടുക്കാനും പോയിന്റുകൾ നേടാനും സാധിച്ചിട്ടുണ്ട്. പല പഞ്ചായത്തുകളിലും നാട്ടിൻപുറങ്ങളിലും സ്പോർട്ട്സ് ക്ലബ്ബുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഈ ഗവൺമെന്റിന് പണം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് നല്ല രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ഹെൽപ്പർമാർക്ക് വേണ്ട സഹായം ചെയ്തുകൊടുക്കുകയുമുണ്ടായി. വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക നൽകിയിട്ടുണ്ട്. മുടങ്ങിക്കിടന്ന കർഷക പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ പുന:സ്ഥാപിച്ചു. ഒട്ടേറെ കമ്പനികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞതുവഴി വ്യവസായ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താൻ സാധിച്ചു.. പരമ്പരാഗത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകിയതിലൂടെ വരുമാനം വർദ്ധിപ്പിച്ചു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ ഗവൺമെന്റ്

സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ ഓരോ പ്രാവശ്യവും അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് നിശ്ചിത പദ്ധതികൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ സർക്കാർ ശേഖരിച്ച സുനാമി ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്. ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന ഒരു മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നതിൽ തർക്കമില്ല. ഈ ഗവണ്മെന്റ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട സഹായം നേടിയെടുക്കാനുള്ള ശ്രമത്തിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകാൻ സഹകരിക്കുകയുമാണ് പ്രതിപക്ഷം ചെയ്യേണ്ടത്.

ശ്രീ. തോമസ് ചാണ്ടി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന ഗവണ്മെന്റിന്റെ വരുമാനത്തിന്റെ 82 ശതമാനവും ശമ്പളത്തിനാണ് ചെലവാക്കുന്നത്. ബാക്കി 18 ശതമാനം തുക കൊണ്ട് ഒരു വികസനപ്രവർത്തനവും നടത്താൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ വരുമാനം നേടിയെടുക്കാനുള്ള പോംവഴികളെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. എ.ഡി.ബി. വായ്പ വാങ്ങാനായി യു.ഡി.എഫ്. ഗവണ്മെന്റ് എടുത്ത തീരുമാനത്തെ എതിർത്ത ഇടതുപക്ഷ ജനാധപത്യമുന്നണി ഇന്ന് എ.ഡി.ബി. ലോൺ വാങ്ങിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുക യാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അനുയോജ്യമായ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകണം. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഐ.ടി. രംഗത്ത് മുന്നോട്ടുപോകുമ്പോൾ കേരളം അതിൽനിന്ന് പുറകോട്ട് പോകുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം.

വികസനരംഗത്ത് പുരോഗതിയുണ്ടാകണമെങ്കിൽ വിദേശ മുതൽമുടക്കിനനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കണം.

ശ്രീ. ജോർജ് മേഴ്സിയർ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിലുള്ള തുകയിൽ കുറവു വരുത്താൻ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്ന സർക്കാർ ഒരു ഉപധനാഭ്യർത്ഥന വഴി തുക കൂട്ടാൻ സഭയിൽ ചർച്ച ചെയ്ത് സമയം കളയുന്നതിനോട് യോജിക്കാനാവില്ല. സർക്കാരിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ കേരളത്തിന്റെ ഇന്നത്തെ സാമൂഹിക-സാമ്പത്തിക രംഗങ്ങളെക്കുറിച്ച് വ്യക്തമായ ചിത്രമുള്ള സ്ഥിതിക്ക് മറ്റൊരു അഭിപ്രായപ്രകടനവും നടത്തേണ്ട ആവശ്യമില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഗുണ്ടാ വിളയാട്ടം, ലോക്കപ്പ് മരണം, കരിമണൽ മാഫിയ, കർഷക ആത്മഹത്യ, സ്വാശ്രയ കോളേജ് പ്രശ്നം, പെൺവാണിഭം, ചിക്കുൻഗുനിയ തുടങ്ങിയ പ്രശ്നങ്ങൾമൂലം കേരളത്തിലെ ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. കോവളം കൊട്ടാരം ഏറ്റെടുത്ത് സംരക്ഷിക്കുമെന്നു പറഞ്ഞു നടന്നവർ ഇന്ന് അത് തകർന്നടിയുന്ന ചിത്രം കണ്ടില്ലെന്നു നടിക്കുകയാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം.: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാരത്തിൽ വന്ന് പത്ത് മാസത്തിനകം സംസ്ഥാനത്ത് ഭൂരിഭാഗം വരുന്ന ദരിദ്രജന വിഭാഗങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ അംഗീകരിക്കാനുള്ള മനസ്സ് പ്രതിപക്ഷം കാണിക്കണം. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിൽ വിപുലമായ തോതിൽ നല്ല മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ

നടന്നിട്ടില്ലാത്ത രീതിയിലുള്ള ഒരു ഫിനാൻസ് മാനേജ്മെന്റാണ് ഇപ്പോഴുള്ളതെന്ന കാര്യം ഇക്കണോമിക് റിവ്യൂവിൽ വ്യക്തമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുപ്പള്ളി നിയോജകമണ്ഡലത്തിൽമാത്രം ഒരു കോടി എഴുപത്തി ആറ് ലക്ഷം രൂപയും മറ്റ് നിയോജക മണ്ഡലങ്ങളിൽ 3 ലക്ഷം രൂപ വീതവും അനുവദിച്ച നടപടി പക്ഷപാതപരവും പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പർവ്യൂവിൽ വരുന്നതുമാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വകുപ്പുകളും ജനോപകാരപ്രദമായ രീതിയിൽത്തന്നെ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. കഴിഞ്ഞ 9 മാസക്കാലത്തെ ധനമാനേജ്മെന്റിനെക്കുറിച്ചും അതിനെത്തുടർന്നുണ്ടായ ധനസ്ഥിതിയെക്കുറിച്ചുമാണ് പ്രധാനമായും ഇവിടെ ചർച്ച ചെയ്യേണ്ടത്. കഴിഞ്ഞ 9 മാസക്കാലം ധനമാനേജ്മെന്റ് ഏറ്റവും എഫിഷ്യന്റ് ആയെങ്കിലും ധനസ്ഥിതി മെച്ചമാണെന്ന് പറയാൻ കഴിയില്ല. സർക്കാരിന്റെ നയങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ പരസ്പരം ചർച്ച ചെയ്ത് തെറ്റും ശരിയും ജനങ്ങളെ ബോധ്യപ്പെടുത്തണം. 1991-ൽ ന്യൂ ഇക്കണോമിക് പോളിസി ആരംഭിച്ചതുമുതലാണ് ഇന്ത്യയ്ക്കും കേരളത്തിനും ദുരവസ്ഥ ഉണ്ടായിത്തുടങ്ങിയത്. അന്ന് ഇന്ത്യയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് കേന്ദ്രം തെറ്റിദ്ധരിപ്പിച്ചതാണ്. സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് തെറ്റായ ധാരണ പരത്തിക്കൊണ്ട് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ മാറ്റിമറിക്കാനുള്ള ശ്രമം നടത്തിയാണ് Structural Adjustment Programme എന്ന ഘടനാപരമായ പരിഷ്ക്കാരത്തി

ലേയ്ക്ക് എത്തിച്ചേർന്നത്. ലോക ബാങ്കിന്റെ ചിന്തയിലുള്ള വിഷയം എല്ലാ മേഖലകളിൽനിന്നും സർക്കാർ പിന്തിരിയണമെന്നതാണ്. ക്ഷേമരാഷ്ട്രമായ ഇന്ത്യ എല്ലാ മേഖലയിലും ഇടപെട്ടുകൊണ്ടാണ് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിച്ചിരുന്നത്. ആ സാമ്പത്തിക രീതി കേരളത്തിലും നടപ്പിലാക്കപ്പെടുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ റവന്യൂ കമ്മി കുറയുമ്പോൾ കേരളത്തിൽ റവന്യൂ കമ്മി താരതമ്യേന ഉയർന്നുനിൽക്കുന്നു. ഇത് കേട്ടാൽ കേരളത്തിലെ ധനമാനേജ്മെന്റ് മോശമാണെന്നുതോന്നും. സംസ്ഥാന സർക്കാർ കൊടുക്കേണ്ട പലിശയും പെൻഷനും ശമ്പളത്തിനും സബ്സിഡിക്കും നീക്കിവയ്ക്കുന്ന തുകയും കുറയ്ക്കുകയാണ് ന്യൂ ലിബറൽ പോളിസിയുടെ ഭാഗമായി ചെയ്യേണ്ടത്. എന്നാൽ ജനങ്ങൾക്ക് ആനുകൂല്യം കൊടുത്തുകൊണ്ട് ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയമാണ്. ഈ നിലപാടു കൊണ്ട് റവന്യൂ കമ്മി കൂടിയാലും അത് നികത്തത്തക്ക രീതിയിൽ സാമ്പത്തിക ഭദ്രത കൈവരുത്താനാണ് ധനമാനേജ്മെന്റുകൊണ്ട് ശ്രമിക്കേണ്ടത്. ധനമാനേജ്മെന്റ് വർദ്ധിപ്പിക്കണമെങ്കിൽ നികുതി പിരിവും ഉല്പാദനവും വർദ്ധിപ്പിക്കുകയും തന്മൂലം സാമ്പത്തിക മെച്ചമുണ്ടാവുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും. റവന്യൂ വരുമാനം വർദ്ധിച്ചെങ്കിലും റവന്യൂ കമ്മി നികത്താൻ കഴിഞ്ഞിട്ടില്ല എന്നത് കേരളത്തിന്റെ അടിസ്ഥാനപരമായ പ്രശ്നമാണ്. റവന്യൂ ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ മൂലധനം നിക്ഷേപിക്കണം. ഇതിനാവശ്യമായ പണം ഇവിടന്നുതന്നെ സർക്കാർ കണ്ടെത്തണം. ലോൺ എടുക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റേയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടേയും നയം അതിനനുകൂലമായിരിക്കണം. ഇന്ത്യയിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല.

ഇന്ത്യയിലുള്ള പണം സംസ്ഥാന സർക്കാരിന് ഉപയോഗയോഗ്യമാംവിധം വിനിയോഗിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. എന്നാൽ കേന്ദ്ര സർക്കാർ ഉണ്ടാക്കിയത് Structural Adjustment Programme ആണ്. നാട്ടിലുള്ള വിഭവത്തെ ഡെഡ് മണിയാക്കി ആ പണത്തെ ഊഹകച്ചവട കമ്പോളത്തിൽ എത്തിക്കുന്നു. തത്ഫലമായി ഊഹക്കച്ചവട കമ്പോളം വളരുകയും സംസ്ഥാനത്തെ നാണ്യവിളകളുടെ വില ഇടിയുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്തു നിന്നും പണം ലഭ്യമാകാതെ വരുമ്പോഴാണ് സർക്കാരിന് എ.ഡി.ബി. യെ ആശ്രയിക്കേണ്ടിവരുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയെ പ്രായോഗികവും സൈദ്ധാന്തികവുമായ നിലപാടുകളിലൂടെ ഏറ്റവും ഉയരത്തിലെത്തിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. എ.ഡി.ബി. യിൽനിന്നും കേരളം കടമെടുത്തത് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനുമാണ്. ആ അവസ്ഥയിലേക്ക് വന്നാൽ കേരളത്തിന്റെ റവന്യൂ കമ്മി നികത്താൻ പറ്റും. റവന്യൂ വരുമാനം കൂട്ടുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിദേശ മൂലധനത്തെ ആശ്രയിക്കരുത്. കേന്ദ്ര സർക്കാർ നയം തിരുത്തിക്കൊണ്ട് ഈ നാട്ടിലെ സമ്പത്ത് സംസ്ഥാന സർക്കാരിന് ഉപയോഗിക്കാവുന്ന രീതിയിലാക്കണം. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ഭദ്രമാക്കിക്കൊണ്ട് കേരളത്തിന്റെ വികസനത്തിന് ഏറ്റവും നല്ല വഴിയൊരുക്കാൻ ശ്രമിക്കുന്ന ശക്തമായ ധനമാനേജ്മെന്റ് കേരളത്തിലുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആഗോളവൽക്കരണ വിരുദ്ധ നയങ്ങൾ നടപ്പിലാക്കിക്കൊണ്ട് ധനകാര്യ മാനേജ്മെന്റ് എഫിഷ്യന്റായി പോകുന്നുണ്ട്.

<u>ശ്രീ. എ.കെ. ചന്ദ്രൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2000-01 മുതൽ ഇൻഡ്യാ രാജ്യത്തുണ്ടായ ആഗോളവൽക്കരണത്തിന്റേയും പുത്തൻ സാമ്പത്തിക നയത്തിന്റേയും ഫലമായി കേരളത്തിൽ തകർച്ചയുണ്ടാവുകയും അതുമൂലമുണ്ടായ ദുരന്തങ്ങൾ മുഴുവൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തലയിൽ കെട്ടിവച്ചിരിക്കുകയുമാണ്. വിവിധ ക്ഷേമപദ്ധതികൾക്കും കോൺട്രാക്ടർമാർക്കും കൊടുക്കാനുണ്ടായിരുന്ന കോടിക്കണക്കിന് രൂപ കൊടുക്കാതെയാണ് മിച്ചമാണെന്ന് പറഞ്ഞ് മുൻഗവൺമെന്റ് ഭരണം വിട്ടൊഴിഞ്ഞത്. ബാദ്ധ്യതകളെല്ലാം ഏറ്റെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകളുടെ നടുവിൽനിന്നുകൊണ്ടുതന്നെ എല്ലാ വകുപ്പുകളും ജനോപകാരപ്രദമാക്കിക്കൊണ്ട് ജനങ്ങളെ എങ്ങനെ സഹായിക്കാമെന്ന് ചിന്തിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് കഴിഞ്ഞ ഒമ്പത് മാസത്തെ ഭരണം തെളിയിച്ചിരിക്കുകയാണ്. പദ്ധതി വിഹിതവും സേവനരംഗത്തെ തുകയും വെട്ടിക്കുറച്ചാണ് യു.ഡി.എഫ്. ഗവൺമെന്റ് കാര്യങ്ങൾ നടത്തിയിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യത്തെ ക്യാബിനറ്റ് മീറ്റിംഗിൽത്തന്നെ കർഷക-കയർ-മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവരുടെ 28 മാസത്തെ കുടിശ്ശിക പെൻഷൻ തുക കൊടുക്കാൻ തയ്യാറായി. പാവപ്പെട്ടവരുടേയും ഇടത്തട്ടുകാരുടേയും സംരക്ഷണം ഏറ്റെടുത്തുകൊണ്ടു മാത്രമേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയൂ എന്നതിനാലാണ് സപ്ളിമെന്ററി ബഡ്ജറ്റിൽ ആ മേഖലകൾക്ക് മുൻതൂക്കം കൊടുത്തിരിക്കുന്നത്. 2001 മുതൽ സാമ്രാജ്യത്വ കുത്തകകൾക്ക് വേണ്ടി നടപ്പിലാക്കിയ സാമ്പത്തിക നയം കാരണം നാടിന്റെ

നട്ടെല്ലായ കാർഷിക മേഖല തകർന്നു. കർഷക അവാർഡുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കൊടുത്തത്. നെല്ല് സംഭരണം ഊർജ്ജിതമാക്കി. 2005-ലെ നെല്ല് സംഭരണത്തിന്റെ ഹാൻഡ്‌ലിംഗ് ചാർജ് കൊടുത്തു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളു കയും അവരുടെ കുടുംബങ്ങൾക്ക് 50,000 രൂപവീതം കൊടുക്കുകയും ചെയ്തു. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കു ന്നതോടൊപ്പം കാർഷികോൽപ്പന്നങ്ങളുടെ വിപണന പദ്ധതി പ്രാവർത്തികമാ ക്കിയെങ്കിൽ മാത്രമേ കേരളത്തെയും കർഷകരെയും രക്ഷിക്കാൻ കഴിയുക യുള്ളൂ. എന്നാൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ കൊണ്ടുവന്നിട്ടുള്ള പദ്ധതി കളിലും ബഡ്ജറ്റിലും നയപ്രഖ്യപനത്തിലും കർഷകരെ സഹായിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് 100 സീറ്റുകൾ കൂടി അനുവദിച്ചു. സിവിൽ സപ്ളൈസ് കോർപ്പറേഷൻ മാത്രമല്ല സഹകരണ പ്രസ്ഥാനവും കൂട്ടുത്തരവാ ദിത്വത്തോടെ പ്രവർത്തിക്കുന്നതുകൊണ്ടാണ് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിറുത്താൻ കഴിഞ്ഞത്. 2006 നവംബർ 11-ന് കേരളത്തിലെ എല്ലാ എം.പി. മാരെയും മന്ത്രിമാരെയും പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയുടെ ഫലമായി കേന്ദ്രമന്ത്രി കേരളത്തിലെത്തുകയും കാര്യങ്ങളെല്ലാം ബോദ്ധ്യപ്പെ ട്ടതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിൽ വാഗൺ ഫാക്ടറി ആരംഭിക്കാൻ പോകുകയുമാണ്. നാശനഷ്ടവും പ്രകൃതിക്ഷോഭവും ഉണ്ടായപ്പോൾ കൃത്യസമയത്തുതന്നെ ദുരിതാശ്വാസം കൊടുക്കാൻ കഴിഞ്ഞു. ജനങ്ങളോട്

പ്രതിബദ്ധതയുള്ള ഗവൺമെന്റ് എന്ന നിലയിൽ എല്ലാ വകുപ്പുകളിലും ജനോപകാരപ്രദമായ പദ്ധതികൾക്ക് രൂപം നൽകി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്.

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 5157 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ 907 കോടി രൂപ മാത്രമേ ഈ ഗവൺമെന്റിന്റെ വിനിയോഗത്തിനായി ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക യു.ഡി.എഫ്. സർക്കാറിന്റെ കാലത്തെ കുടിശ്ശിക കൊടുത്തുതീർക്കാനുള്ളതാണ്. അതിൽ 300 കോടി രൂപയോളം പൊതുമരാമത്ത് വകുപ്പിലെ കുടിശ്ശിക കൊടുത്തുതീർക്കാൻ വേണ്ടിയുള്ളതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം വാറ്റിലൂടെയും വിൽപ്പന നികുതിയിലൂടെയും വരുമാന വർദ്ധനവ് ഉണ്ടാക്കി. നികുതിപിരിവിന്റെ കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ ഊർജ്ജസ്വലമായി മുന്നോട്ടു പോകുകയാണ്. വിഭവസമാഹരണത്തിലൂടെ ലഭ്യമാകുന്ന തുക ശരിയായ രീതിയിൽത്തന്നെയാണ് ഈ ഗവൺമെന്റ് വിനിയോഗിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് ഏറ്റവുമധികം അഴിമതി നടന്നത് പൊതുമരാമത്ത് വകുപ്പിലാണ്. കെ.എസ്.ടി.പി.യുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് ഒരു പരസ്യസംവാദത്തിന് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി തയ്യാറാകണം. മലപ്പുറത്തെ അരയിടത്തുപാലം, കോഴിക്കോട് എരഞ്ഞിപ്പാലം എന്നിവിടങ്ങളിലെ റോഡ് വൈഡനിംഗ് പണിയിൽ കോടികളുടെ അഴിമതിയാണ് നടന്നത്. . ഇതിനെതിരെ വിജിലൻസ് അന്വേഷണം നടത്തണം. യു.ഡി.എഫ്. ഭരണകാലത്തുണ്ടായ എസ്.എസ്.എൽ.സി. ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട

സംഭവത്തെത്തുടർന്നുള്ള വിവാദങ്ങളെക്കുറിച്ച് ആലോചിച്ചാൽ ഇത്തവണത്തെ എസ്.എസ്.എൽ.സി. മോഡൽ പേപ്പർ ചോർച്ചയെക്കുറിച്ച് വിമർശിക്കാൻ പ്രതിപക്ഷത്തിന് യാതൊരുവിധ ധാർമ്മികാവകാശവുമില്ല. അധികാരത്തിൽ വന്ന് അല്പകാലത്തിനുള്ളിൽ തന്റെ വകുപ്പിലെ അഴിമതികൾക്കെതിരെ സഹകരണവകുപ്പുമന്ത്രി നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. സി.പി. മുഹമ്മദ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. യാതൊരുവിധ ദിശാബോധവുമില്ലാതെയാണ് വിവിധ വകുപ്പുകൾക്കായി തുക ചെലവഴിച്ചിരിക്കുന്നത്. റവന്യൂ കമ്മി നികത്താൻ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ലക്കി വാറ്റ് പരാജയപ്പെടുകയാണുണ്ടായത്. ഭരണത്തിലേറി 10 മാസക്കാലമായിട്ടും വിലക്കയറ്റം തടയാൻ യാതൊരുവിധ നടപടിയും സർക്കാരിന് സ്വീകരിക്കാനായില്ല. എ.ഡി.ബി. വിരുദ്ധ സമരം നയിക്കുകയും എ.ഡിബി.യെ എതിർക്കുകയും ചെയ്തിരുന്നവർ ഇപ്പോൾ സമീപനം മാറ്റിയിരിക്കുന്നു. കെ.എസ്.ടി.പി. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ച് കരാർ നൽകിയത് എൽ.ഡി.എഫ്. ഭരണകാലത്താണ്. എന്നിട്ട് ഈ വിഷയം ഉന്നയിച്ച് കഴിഞ്ഞ യു.ഡി.എഫ് സർക്കാരിനെയാണ് കുറ്റപ്പെടുത്തുന്നത്. ജനാധിപത്യത്തിന്റെ നാല് തൂണുകളാണ് ലെജിസ്ലേച്ചറും ജുഡീഷ്യറിയും എക്സിക്യൂട്ടീവും മീഡിയയും. കോടതിയെ അവഹേളി ക്കുന്ന രീതിയിൽ പത്രപ്രസ്താവന നടത്താനോ ടി.വി. അഭിമുഖം നടത്താനോ പാടില്ല. യു.ഡി.എഫ്. നേതാക്കന്മാർ പത്രമാധ്യമങ്ങളുടെ വിമർശ നങ്ങൾക്ക് വിധേയരായിട്ടുണ്ട്. എന്നാൽ അവരൊക്കെ ഈ രീതിയിലുള്ള പ്രസ്താവനകൾ നടത്തിയിട്ടില്ല. സഹിഷ്ണുതയില്ലാത്ത ഒരു

ഗവണ്മെന്റാണിത്. സ്വാശ്രയ ബില്ലിന്റെ കാര്യത്തിൽ കോടതി വിധി സർക്കാരിന് എതിരാണ്. കോടതിയിൽ നിലനിന്ന പല കേസുകളിലും എൽ.ഡി.എഫ്. പാരാജയപ്പെടുകയാണ് ചെയ്തത്. പ്രകൃതിക്ഷോഭംകൊണ്ടോ സുനാമി പോലുള്ള ദുരന്തംകൊണ്ടോ അല്ല പെരിയാറിൽ ചെളിയിറങ്ങിയത്. കല്ലാർകുട്ടിയിൽനിന്നും ചെളി ഇളക്കിവിട്ടതാണ്. അത് ഈ ഗവണ്മെന്റിന്റെ പ്രവർത്തനത്തിന്റെ കുഴപ്പംകൊണ്ടാണ്. ആരാധനാലയങ്ങൾ മാറിമാറി സഞ്ചരിച്ച് വർഗ്ഗീയ പ്രീണനം നടത്തുന്ന ഒരു നയമാണ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നടന്ന അതിക്രമങ്ങളെ ഇവിടെ നിഷേധിക്കുകയാണ് ചെയ്തത്. സിംഗൂരിൽ കുടിയൊഴുപ്പിച്ചവരിൽ കൂടുതലും മുസ്ലീം കർഷകരാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെയും മദ്രസാ നവീകരണത്തിന്റെയും പേരിൽ ഇപ്പോൾ മുസ്ലീങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. എന്നാൽ യു.ഡി.എഫ്. മന്ത്രിസഭയിൽ നൽകിയിരുന്ന മുസ്ലീം പ്രാതിനിധ്യം ഇപ്പോൾ നൽകിയിട്ടില്ല. ഈ നൂറ്റാണ്ടിൽ ലോകത്തോടൊപ്പം കേരളത്തെ നയിക്കാൻ പ്രാപ്തമായ ഒരു ഭരണകൂടമായി മാറാൻ ഇടതുപക്ഷ ജനാധിപത്യ മൂന്നണി ഗവണ്മെന്റ് തയ്യാറാകണം. അധികാരത്തിലേറിയിട്ട് 10 മാസമായെങ്കിലും യു.ഡി.എഫ് ഭരണകാലത്തെപ്പറ്റി കുറ്റംപറഞ്ഞുകൊണ്ടിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നിയമസഭ ബഡ്ജറ്റ് പാസ്സാക്കിയപ്പോൾ അംഗീകരിച്ച തുകയെക്കാൾ കൂടുതൽ തുക ഓരോ ഹെഡ്ഡിലും സർക്കാർ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയാണ് സപ്ളിമെന്ററി ഡിമാന്റ്സ് കൊണ്ടുവരുന്നത്. കൂടാതെ പുതിയ ഏതെങ്കിലും ഹെഡ്ഡ് സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിന് അംഗീകാരം തേടണം. ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങൾ ഉണ്ടെങ്കിൽ അത് സപ്ലിമെന്ററി ഗ്രാന്റായിവച്ച് അംഗീകരിക്കാം. അതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു ചൂണ്ടിക്കാണിച്ച കാര്യങ്ങളും പരിഹരിക്കുന്നതാണ്. സപ്ലിമെന്ററി ഡിമാന്റ്സിൽ ആവശ്യപ്പെട്ടിരുന്ന 4185.37 കോടി രൂപ റീപേയ്മെന്റിനുവേണ്ടിയുള്ളതാണ്. റിസർവ് ബാങ്ക് നടത്തുന്ന ഒരു ബുക്ക് അഡ്ജസ്റ്റ്മെന്റാണത്. സംസ്ഥാനത്തിന്റെ കടം പെരുകിക്കൊണ്ടിരിക്കുകയാണ്. അടുത്ത ധനകാര്യവർഷം അവസാനിക്കുമ്പോൾ കടം 60,000 കോടി രൂപ കഴിയും. ഇതിൽ പരിഭ്രാന്തരാകേണ്ട കാര്യമില്ല. സംസ്ഥാനത്തിന്റെ കടഭാരം അൺസസ്റ്റയിനബിൾ അല്ല. വായ്പ എടുത്തിട്ടുള്ളത് കൂടുതലും റവന്യൂച്ചെലവിനുവേണ്ടിയാണ്. കടം എടുക്കുന്നത് പുതിയ ആസ്തികൾ സൃഷ്ടിക്കാനാണെങ്കിൽ അതാണ് അഭികാമ്യം. കടം എടുക്കുന്നത് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെയാണ്. സംസ്ഥാനത്ത് പ്രോജക്ടുകൾക്കുവേണ്ടിയുള്ള വായ്പത്തുക കൂടിക്കൊണ്ടിരിക്കുകയാണ്. ഓരോ പദ്ധതിക്കും എടുത്ത പണം അതിനുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ട്രഷറി സേവിംഗ്സ് ബാങ്ക് നിറുത്തലാക്കണമെന്ന് റിസർവ് ബാങ്ക് കുറെക്കാലമായി ആവശ്യപ്പെടുകയാണ്. എന്നാൽ അത് നിറുത്തലാക്കാൻ പറ്റില്ലെന്ന നിലപാട് മാറിമാറിവരുന്ന സർക്കാരുകൾ എടുത്തുകൊണ്ടിരിക്കു

കയാണ്. സംസ്ഥാനത്തിന്റെ വായ്പാപരിധി 7200 കോടി രൂപയാണ്. അത് ധനമന്ത്രാലയം 4200 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. അടുത്തവർഷമാകുമ്പോൾ ധനക്കമ്മി 3 ശതമാനമാകും. എ.ഡി.ബി. വായ്പയും ജപ്പാൻ കുടിവെള്ളപദ്ധതിയുമൊക്കെ ടൈഡ് ഫണ്ട്സ് ആണ്. ഓരോ വായ്പയുടേയും എഗ്രിമെന്റ് വ്യവസ്ഥകൾ വ്യത്യസ്തമാണ്. എ.ഡി.ബി. വായ്പ സംബന്ധിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് ചർച്ച ചെയ്തപ്പോഴും യു.ഡി.എഫ്. അംഗീകരിച്ച നിബന്ധനകൾ പറ്റില്ല എന്നുതന്നെ യാണ് പറഞ്ഞത്. തുടർന്ന് യു.ഡി.എഫ്. ഭരണത്തിൽ വന്നപ്പോൾ അവരുടെ കാഴ്ചപ്പാടിൽ വ്യത്യാസമുണ്ടായി. എ.ഡി.ബി.യുമായിട്ടുള്ള കരാർ ഒപ്പു വയ്ക്കുന്നതിനുമുമ്പാണ് യു.ഡി.എഫ്. ധവളപത്രം ഇറക്കിയതും ഇ.ആർ.സി. (Entrepreneural Reforms Committee) റിപ്പോർട്ട് വന്നതും. അന്നുണ്ടായ കരാറിലെ നിബന്ധനകൾ ധവളപത്രത്തിലോ ഇ.ആർ.സി. റിപ്പോർട്ടിലോ ഇല്ലാ യിരുന്നു. അന്നത്തെ രാഷ്ട്രിയ സമീപനത്തിനെതിരായിട്ടുള്ള ധാരണയാണ് യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചത്. അത്തരത്തിലുള്ള രാഷ്ട്രീയ സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന് സ്വീകരിക്കാൻ കഴിയില്ല. കേന്ദ്ര സർക്കാരിന് സ്വീകാര്യമല്ലാത്ത നിബന്ധനകളോടുകൂടിയ എം.ഒ.യു.വിൽ ഒപ്പിടാൻ കഴിയില്ല എന്ന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ഈ വായ്പയുമായി ബന്ധപ്പെട്ട നിബന്ധനകൾ എൽ.ഡി.എഫിന്റെ നയത്തിന് അനുയോജ്യമല്ലെങ്കിൽ സ്വീകരിക്കുകയില്ല എന്നുപറഞ്ഞിട്ടുണ്ട്. ഇത് കൺസിസ്റ്റന്റായിട്ടുള്ള സമീപനമാണ്. നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് വായ്പയെടുക്കാൻ തീരുമാനിച്ചത് പുതിയ കാര്യമല്ല. ഇലക്ഷൻ ക്യാമ്പെയിനിൽ എ.ഡി.ബി.

വായ്പയെ എതിർത്തിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്തുകൊണ്ട് വായ്പയെടുക്കാൻ സമ്മതിച്ചുവെന്നതിന് ഇലക്ഷനു മുമ്പുതന്നെ വിശദീകരണക്കുറിപ്പെഴുതിയിരുന്നു വിദേശ വായ്പ വാങ്ങുന്നത് സംബന്ധിച്ച് ഇടതുപക്ഷത്തിന് ശക്തമായ നിലപാടുണ്ടെങ്കിലും വായ്പയെടുക്കുന്നു, ഈ ഗവണ്മെന്റിന്റെ കാലാവധി തീരുമ്പോൾ ഇപ്പോഴുള്ള വിദേശ വായ്പ നാലിലൊന്നായി ചുരുക്കുമെന്ന് ഉറപ്പുതരുന്നു. വിദേശ വായ്പയുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക എന്ന നിലപാടാണ് ഈ ഗവണ്മെന്റിനുള്ളത്. വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ ഒരുമിച്ചു ഭരിക്കുമ്പോഴുണ്ടാകുന്ന കാഴ്ചപ്പാടുകൾ ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ടുപോകും. എ.ഡി.ബി. കരാർ ഒപ്പു വയ്ക്കുന്നതിനുമുമ്പ് ക്യാബിനറ്റിൽ ചർച്ച ചെയ്തില്ലെന്ന പ്രൊസീഡ്യുറൽ വീഴ്ചയുണ്ട്. അത് ഭാവിയിലേയ്ക്കുള്ള പാഠമാണെന്ന് മനസ്സിലാക്കി മുന്നോട്ടുപോകും. ലോൺ എഗ്രിമെന്റായി കോമൺ ഫോർമാറ്റാണിനിയുള്ളത്. പ്രോജക്ട് എഗ്രിമെന്റുകൾ നെഗോഷ്യേറ്റ് ചെയ്താണ് തീരുമാനിക്കുന്നത്. അതിന്റെ ഓഡിറ്റർ സി.ആന്റ് എ.ജി.യും കൺസൾട്ടന്റ് WAPCOS (Water and Power Consultancy Services (India) Limited) എന്ന പൊതുമേഖലാ സ്ഥാപനവുമാണ്. ഇന്റർനാഷണൽ ടെണ്ടറിൽ നാല് പാക്കേജുകളുണ്ട്. ആദ്യത്തെ രണ്ട് വർഷമൊഴികെ എം.ജി.പി.യുടെ നിബന്ധനകൾ കഴിഞ്ഞ ഗവണ്മെന്റ് നടപ്പാക്കിയില്ല. ഇ.ആർ.സി. റിപ്പോർട്ടിന്റേയും ധവളപത്രത്തിന്റേയും അടിസ്ഥാനത്തിലാണ് എഗ്രിമെന്റുണ്ടാക്കിയിട്ടുള്ളത്. സംസ്ഥാന ക്യാബിനറ്റ് ഇത് കണ്ടിട്ടില്ലെന്ന പ്രതിപക്ഷത്തിന്റെ വാദം ഗൗരവമുള്ള കാര്യംതന്നെയാണ്. ഗവണ്മെന്റെന്നു

പറയുന്നത് തുടർച്ചയാണ്. കഴിഞ്ഞ ഗവണ്മെന്റ് അംഗീകരിച്ചതാണ്. അതുകഴിഞ്ഞപ്പോൾ ഗവണ്മെന്റ് മാറി. അതുകൊണ്ട് ടെക്നിക്കലായിട്ട് ക്യാബിനറ്റ് അംഗീകരിച്ചു, രാഷ്ട്രീയ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ക്യാബിനറ്റിൽ വന്ന് പരിശോധിക്കണമായിരുന്നുവെന്നുള്ളത് പോരായ്മ യാണ്. ഈശ്വരവിശ്വാസത്തെപ്പറ്റി മറുപടി പറയണമെന്ന് പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ച് പറയുകയാണ്. മാർക്സിസ്റ്റ് ദർശനപ്രകാരം ഈശ്വരന് സ്ഥാനമില്ലെങ്കിലും ഈശ്വരവിശ്വാസികളായ ധാരാളംപേർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ട്. പാർട്ടി നേതാക്കന്മാർ പാർട്ടിയുടെ ദർശനത്തിനനുസൃതമായി മാതൃകാപരമായി പ്രവർത്തിക്കുമ്പോൾ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അതിനെ ഈശ്വരനിഷേധമായിട്ട് എടുക്കേണ്ടതില്ല. മതന്യൂനപക്ഷങ്ങളുടെ ഈശ്വര വിശ്വാസങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് ഏതറ്റംവരെ പോകാനും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII -ാം നമ്പർ ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും 32 നെതിരെ 78 വോട്ടുകളോടെയും എക്സൈസ് എന്ന VIII-ാംനമ്പർ ഉപധനാഭ്യർത്ഥന 32-നെതിരെ 79 വോട്ടുകളോടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ

ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII -ാം നമ്പർ ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII -ാം നമ്പർ ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX -ാം നമ്പർ ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX -ാം നമ്പർ ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ഉപധനാഭ്യർത്ഥനയും 30 -നെതിരെ 80 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. മറ്റ് ഉപധനാഭ്യർത്ഥനകളും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നരം 4.28-ന് പിരിഞ്ഞു.

* * * *  * * * * * * * * * *